# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെമ്മരുതി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി7/1951/2021 /

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 24/03/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെമ്മരുതി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി7/1951/2021 / തീയ്യതി: 24/03/2022

## തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 47 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 45 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 03-12-2021 | 14-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 03-12-2021 | 14-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സാബു.ജി.,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി ലിഷ.കെ.വി.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ദിലീപ് കുമാർ.കെ.എൻ.,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ശരത്.ജെ.ശങ്കർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എ.എച്ച്.സലിം | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.സുപിൻ | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വിനുരാജ്.ഡി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ഡോ.അൻവർ അബ്ബാസ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2019 | 31-03-2020 |
| ഡോ.സൗമ്യ ശശിധരൻ നായർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ.മുരളീകൃഷ്ണൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീ.പ്രവീൺ.എം. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 01-04-2019 | 31-03-2020 |
| ശ്രീ.ബിജു.ബി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 | 01-04-2019 | 31-03-2020 |
| ശ്രീമതി അൽമാസ് അഷറഫ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ.മുരളീധരൻ.ജെ. | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീ.രാജേഷ്.ആർ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 24-07-2019 |
| ശ്രീ.ബിനു.എ. | അസിസ്റ്റന്റ് സെക്രട്ടറി | 25-07-2019 | 24-09-2019 |
| ശ്രീ.നിതിൻ.പി.കെ. | അസിസ്റ്റന്റ് സെക്രട്ടറി | 25-09-2019 | 09-12-2019 |
| ശ്രീ.കിരൺചന്ദ്.എസ്.ഡി. | അസിസ്റ്റന്റ് സെക്രട്ടറി | 10-12-2019 | 31-03-2020 |
| ഡോ.അർച്ചന സത്യൻ | വെറ്ററിനറി സർജൻ | 01-04-2019 | 13-08-2019 |
| ശ്രീ. ദീപു.ബി.എസ് | വെറ്ററിനറി സർജൻ | 14-08-2019 | 26-08-2019 |
| ശ്രീ. രാജേഷ് ചന്ദ്രൻ.ആർ | വെറ്ററിനറി സർജൻ | 27-08-2019 | 31-03-2020 |
| ശ്രീമതി ശ്രീത.റ്റി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 15-02-2020 |
| ശ്രീ.വിനോദ്.ആർ.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 16-02-2020 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sarath J Sankar (Auditor, On 14-12-2021)<br>Last Updated By: K Sreeja (Deputy Director, On 19-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Sarath J Sankar (Auditor, On 14-12-2021)<br>Last Updated By: K Sreeja (Deputy Director, On 23-03-2022) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം<br>Written By: Sarath J Sankar (Auditor, On 14-12-2021)<br>Last Updated By: K Sreeja (Deputy Director, On 19-03-2022) | 1-3 |
| 4 | പദ്ധതി അവലോകനം<br>Written By: Lisha.K.V (Asst. Audit Officer, On 16-12-2021)<br>Last Updated By: K Sreeja (Deputy Director, On 19-03-2022) | 1-4 |
| 5 | ക്ഷേമപദ്ധതികൾ<br>Written By: Sarath J Sankar (Auditor, On 14-12-2021)<br>Last Updated By: K Sreeja (Deputy Director, On 19-03-2022) | 1-5 |
| 6 | ക്യാഷ് പരിശോധന<br>Written By: Sarath J Sankar (Auditor, On 14-12-2021)<br>Last Updated By: K Sreeja (Deputy Director, On 19-03-2022) | 1-6 |
| 7 | ആഭ്യന്തരനിയന്ത്രണം<br>Written By: Sabu G (Audit Officer, On 19-12-2021)<br>Last Updated By: K Sreeja (Deputy Director, On 19-03-2022) | 1-7 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sarath J Sankar (Auditor, On 14-12-2021)<br>Last Updated By: K Sreeja (Deputy Director, On 19-03-2022) | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ<br>Written By: Sabu G (Audit Officer, On 10-12-2021)<br>Last Updated By: K Sreeja (Deputy Director, On 19-03-2022) | 1-9 |
| 10 | കളക്ഷനിലെ തുകകളും രസീതുകളും പൊരുത്തപ്പെടുന്നില്ല<br>Written By: Sarath J Sankar (Auditor, On 14-12-2021)<br>Last Updated By: K Sreeja (Deputy Director, On 19-03-2022) | 1-10 |
| 11 | വസ്തു നികുതി - അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 14-12-2021)<br>Last Updated By: K Sreeja (Deputy Director, On 19-03-2022) | 1-11 |
| 12 | റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു.<br>Written By: Sarath J Sankar (Auditor, On 14-12-2021)<br>Last Updated By: K Sreeja (Deputy Director, On 19-03-2022) | 1-12 |
| 13 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Sarath J Sankar (Auditor, On 14-12-2021)<br>Last Updated By: K Sreeja (Deputy Director, On 23-03-2022) | 1-13 |
| 14 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 14-12-2021)<br>Last Updated By: K Sreeja (Deputy Director, On 23-03-2022) | 1-14 |
| 15 | വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിൽ അപാകത<br>Written By: Sarath J Sankar (Auditor, On 14-12-2021)<br>Last Updated By: K Sreeja (Deputy Director, On 19-03-2022) | 1-15 |
| 16 | മരണ രജിസ്ട്രേഷൻ അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല<br>Written By: Sarath J Sankar (Auditor, On 14-12-2021)<br>Last Updated By: K Sreeja (Deputy Director, On 19-03-2022) | 1-16 |
| 17 | ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്തിൽ ഒടുക്കുവരുത്തിയില്ല<br>Written By: Sabu G (Audit Officer, On 14-12-2021)<br>Last Updated By: K Sreeja (Deputy Director, On 19-03-2022) | 1-17 |

| | | |
|---|---|---|
| 18 | ഇടവിളകൃഷി- മാർഗരേഖ പാലിക്കേണ്ടതാണ്<br>Written By: Dileep Kumar K N (Senior Grade Auditor, On 14-12-2021)<br>Last Updated By: K Sreeja (Deputy Director, On 21-03-2022) | 1-18 |
| 19 | ലൈഫ് ഭവന പദ്ധതി (പട്ടികജാതി) - ഭവന നിർമാണം പൂർത്തീകരിക്കാൻ ഭരണ സമിതിയുടെ ഇടപെടലുകൾ അനിവാര്യം<br>Written By: Dileep Kumar K N (Senior Grade Auditor, On 14-12-2021)<br>Last Updated By: K Sreeja (Deputy Director, On 21-03-2022) | 1-19 |
| 20 | കിണർ റീചാർജിംഗ് - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്<br>Written By: Dileep Kumar K N (Senior Grade Auditor, On 14-12-2021)<br>Last Updated By: K Sreeja (Deputy Director, On 21-03-2022) | 1-20 |
| 21 | ഭവന പുനരുദ്ധാരണം - പ്രവൃത്തി പൂർത്തികരിച്ചിട്ടില്ല,ജാതിസർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമാക്കിയില്ല - 150000 രൂപ തടസ്സം<br>Written By: Dileep Kumar K N (Senior Grade Auditor, On 14-12-2021)<br>Last Updated By: K Sreeja (Deputy Director, On 21-03-2022) | 1-21 |
| 22 | എ.ബി.സി. പദ്ധതിയുടെ ചെലവ് രേഖകൾ ലഭ്യമാക്കിയില്ല- 1,00,800/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Dileep Kumar K N (Senior Grade Auditor, On 14-12-2021)<br>Last Updated By: K Sreeja (Deputy Director, On 21-03-2022) | 1-22 |
| 23 | കാലിത്തൊഴുത്ത് നവീകരണം (പട്ടികജാതി)-വാലേഷൻ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല-60000 രൂപ തടസ്സം<br>Written By: Dileep Kumar K N (Senior Grade Auditor, On 14-12-2021)<br>Last Updated By: K Sreeja (Deputy Director, On 21-03-2022) | 1-23 |
| 24 | കന്നുകുട്ടി വളർത്തൽ (പട്ടികജാതി)- ബിൽ പ്രകാരവും റസീറ്റ് പ്രകാരവും ഉള്ള തുക തമ്മിൽ പൊരുത്തക്കേട് - 20000 രൂപ തടസ്സത്തിൽ വയ്ക്കുന്നു<br>Written By: Dileep Kumar K N (Senior Grade Auditor, On 14-12-2021)<br>Last Updated By: K Sreeja (Deputy Director, On 21-03-2022) | 1-24 |
| 25 | സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ -വിനിയോഗ വിവരം ലഭ്യമാക്കിയില്ല -ചെലവു തുക 10,23,350 രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Lisha.K.V (Asst. Audit Officer, On 16-12-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 23-03-2022) | 1-25 |
| 26 | വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല -ചെലവു തുക 2834000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.<br>Written By: Lisha.K.V (Asst. Audit Officer, On 16-12-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 23-03-2022) | 1-26 |
| 27 | ലൈൻ എക്സ്റ്റെൻഷൻ പ്രവൃത്തി - വിനിയോഗ വിവരം ലഭ്യമല്ല - 6,38,712 തുക തടസ്സപ്പെടുത്തുന്നു<br>Written By: Lisha.K.V (Asst. Audit Officer, On 16-12-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 24-03-2022) | 1-27 |
| 28 | കമ്പ്യൂട്ടറുകളടെയും അനുബന്ധ ഉപകരണങ്ങളുടെയും പർച്ചെയ്സ് -അപാകങ്ങൾ- ചെലവുതുക 95085 രൂപ തടസ്സപ്പെടുത്തുന്നു .<br>Written By: Lisha.K.V (Asst. Audit Officer, On 16-12-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 23-03-2022) | 1-28 |
| 29 | ജിയോ ടാഗിംഗ് വിവരങ്ങൾ ലഭ്യമാക്കിയില്ല<br>Written By: Lisha.K.V (Asst. Audit Officer, On 16-12-2021)<br>Last Updated By: K Sreeja (Deputy Director, On 23-03-2022) | 1-29 |
| 30 | പദ്ധതി രൂപീകരണം ചെലവു രേഖകൾ ലഭ്യമാക്കിയില്ല - 1,14,942 രൂപ തടസ്സപ്പെടുത്തുന്നു .<br>Written By: Lisha.K.V (Asst. Audit Officer, On 16-12-2021)<br>Last Updated By: K Sreeja (Deputy Director, On 21-03-2022) | 1-30 |
| 31 | ടെണ്ടർ കിഴിവ് പരിഗണിക്കാതെ തുക അനുവദിക്കൽ- അധികം നൽകിയ തുക- 23,250/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Lisha.K.V (Asst. Audit Officer, On 16-12-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 23-03-2022) | 1-31 |
| 32 | സാന്ത്വന ചികിൽസ- മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കാതെ തുക ചെലവഴിച്ചു<br>Written By: Lisha.K.V (Asst. Audit Officer, On 16-12-2021) | 1-32 |

| | | |
|---|---|---|
| | Last Updated By: K Sreeja (Deputy Director, On 21-03-2022) | |
| 33 | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ -സ്റ്റോക്ക് വിവരം ലഭ്യമല്ല ചെലവു തുക 40469 രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Lisha.K.V (Asst. Audit Officer, On 16-12-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 24-03-2022) | 1-33 |
| 34 | തുക പിൻവലിച്ച ട്രഷറി ബില്ലുകളുടെ വിവരം ലഭ്യമല്ല - 95257 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു ത്തുന്നു<br>Written By: Lisha.K.V (Asst. Audit Officer, On 16-12-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 24-03-2022) | 1-34 |
| 35 | പാഥേയം - വിനിയോഗസാക്ഷ്യപത്രം ലഭമാക്കിയില്ല. 3,24,620/-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Sabu G (Audit Officer, On 19-12-2021)<br>Last Updated By: K Sreeja (Deputy Director, On 21-03-2022) | 1-35 |
| 36 | കിണർ റീചാർജിംഗ് ജില്ലാ ആസൂത്രണ സമിതിയുടെ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല.<br>Written By: Sabu G (Audit Officer, On 19-12-2021)<br>Last Updated By: K Sreeja (Deputy Director, On 23-03-2022) | 1-36 |
| 37 | അഗതിരഹിത കേരളം പദ്ധതി ലക്ഷ്യം കൈവരിരിച്ചില്ല. ചെലവുതുക 4,50,000/- തടസ്സപ്പെടുത്തുന്നു.<br>Written By: Sabu G (Audit Officer, On 19-12-2021)<br>Last Updated By: K Sreeja (Deputy Director, On 21-03-2022) | 1-37 |
| 38 | ബഡ്സ് സ്കൂൾ ഉപകരണങ്ങൾ വാങ്ങലും പ്രവർത്തനം മെച്ചപ്പെടുത്തലും - ന്യൂനതകൾ<br>Written By: Sabu G (Audit Officer, On 19-12-2021)<br>Last Updated By: K Sreeja (Deputy Director, On 23-03-2022) | 1-38 |
| 39 | അസിസ്റ്റന്റ് എഞ്ചിനീയർ ഭൂരിഭാഗം പദ്ധതികളും നടപ്പാക്കിയില്ല.<br>Written By: Sabu G (Audit Officer, On 19-12-2021)<br>Last Updated By: K Sreeja (Deputy Director, On 23-03-2022) | 1-39 |
| 40 | പൊതു മാർക്കറ്റുകളിൽ ശൗചാലയം നിർമ്മാണം-പദ്ധതി നടപ്പാക്കിയത് സ്കൂളുകളിൽ<br>Written By: Sabu G (Audit Officer, On 19-12-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 23-03-2022) | 1-40 |
| 41 | നികുതികൾ ഈടാക്കി ബാക്കി തുക കരാറുകാരന് നൽകേണ്ടതാണ്<br>Written By: Sabu G (Audit Officer, On 19-12-2021)<br>Last Updated By: K Sreeja (Deputy Director, On 22-03-2022) | 1-41 |
| 42 | ഓഡിറ്റ് ഇംപാക്ട്- കരാറുകാരനിൽ നിന്നും ടാക്സ് ഈടാക്കിയില്ല. ഓഡിറ്റ് നിർദ്ദേശാനുസരണം 16,375/- രൂപ ഒടുക്കുവരുത്തി<br>Written By: Sabu G (Audit Officer, On 19-12-2021)<br>Last Updated By: K Sreeja (Deputy Director, On 22-03-2022) | 1-42 |
| 43 | ഗ്രാമ പഞ്ചായത്തിന്റെ ആസ്തി സംരക്ഷണത്തിനായി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Sabu G (Audit Officer, On 19-12-2021)<br>Last Updated By: K Sreeja (Deputy Director, On 22-03-2022) | 1-43 |
| 44 | തൊഴിലുറപ്പ് തൊഴിലാളികൾക്ക് ലഭിച്ച സ്വർണ്ണ മോതിരം - തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്<br>Written By: Sabu G (Audit Officer, On 19-12-2021)<br>Last Updated By: K Sreeja (Deputy Director, On 22-03-2022) | 1-44 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Sarath J Sankar (Auditor, On 12-12-2021)<br>Last Updated By: K Sreeja (Deputy Director, On 23-03-2022) | 4-1 |

| | | |
|---|---|---|
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sarath J Sankar (Auditor, On 12-12-2021)<br>Last Updated By: K Sreeja (Deputy Director, On 22-03-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Sabu G (Audit Officer, On 10-12-2021)<br>Last Updated By: K Sreeja (Deputy Director, On 22-03-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sarath J Sankar (Auditor, On 12-12-2021)<br>Last Updated By: K Sreeja (Deputy Director, On 22-03-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Sabu G (Audit Officer, On 10-12-2021)<br>Last Updated By: K Sreeja (Deputy Director, On 22-03-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sabu G (Audit Officer, On 10-12-2021)<br>Last Updated By: K Sreeja (Deputy Director, On 22-03-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Sabu G (Audit Officer, On 10-12-2021)<br>Last Updated By: K Sreeja (Deputy Director, On 22-03-2022) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Sabu G (Audit Officer, On 10-12-2021)<br>Last Updated By: K Sreeja (Deputy Director, On 22-03-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sabu G (Audit Officer, On 20-12-2021)<br>Last Updated By: K Sreeja (Deputy Director, On 22-03-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sabu G (Audit Officer, On 10-12-2021)<br>Last Updated By: K Sreeja (Deputy Director, On 24-03-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 21.02.2019 തീയതിയിലെ I(1)-ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 03.01.2020 തീയതിയിലെ I(1)-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 32,45,32,985/- രൂപ വരവും 29,56,55,250/-രൂപ ചെലവും നീക്കിയിരിപ്പ് 2,88,77,735/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 30.05.2020 |

വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) 2019-20വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക B-14 Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല.

2)2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 62 (എഫ്) പ്രകാരം അടിസ്ഥാന അനുപാതങ്ങൾ കണക്കാക്കി വാർഷിക ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ 2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

3)2019-20 സാമ്പത്തിക വർഷത്തെ ജനറൽ ലഡ്ജർ ട്രയൽ ബാലൻസ് പരിശോധിച്ചതിൽ Closing Balance-ൽ ഒരേ ഇനത്തിന് Debit, Credit നീക്കിയിരിപ്പ് തുകകൾ രേഖപ്പെടുത്തിയിരിക്കുന്നു. ജനറൽ ലഡ്ജർ ട്രയൽ ബാലൻസിൽ ഇത്തരത്തിൽ ഒരേ ഇനത്തിന് Debit, Credit ബാലൻസ് തുകകൾ രേഖപ്പെടുത്തിയതിനാൽ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല

4) 2019-20 വർഷത്തെ ബാലൻസ് ഷീറ്റ് B-4, Fixed Asset -ഷെഡ്യൂൾ പ്രകാരമുള്ള ഗ്രാമപഞ്ചായത്തിലെ സ്ഥിരാസ്തികളുടെ ഡിപ്രീസിയേഷൻ Income & Expenditure Statement ഷെഡ്യൂൾ I-17(a) -ൽ കണക്കാക്കിയിട്ടില്ല. 2018-19 വർഷത്തെ ബാലൻസ് ഷീറ്റ് B-11 ഷെഡ്യൂളിൽ പ്രകാരമുള്ള Accumulated Depreciation ആണ് തൻ വർഷത്തെ ബാലൻസ് ഷീറ്റിലും ഉൾപ്പെടുത്തിയിട്ടുള്ളത്.

5)കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രതിമാസം വസ്തു നികുതിക്കും ലൈസൻസിനും തൊഴിൽ നികുതിക്കും ഡിമാന്റ് നടത്തിയിട്ടില്ല. 2019-20 വർഷം വസ്തു നികുതിക്കും ലൈസൻസിനും വർഷാരംഭത്തിൽ മാത്രമാണ് ഡിമാന്റ് രേഖപ്പെടുത്തിയത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ തീയതികൾ |
|---|---|---|
| 110100101 | Property Tax On Residential Building | 01.04.2019 |
| 140110101 | Licence Fee For Dangerous And Offensive Trades | 01.04.2019 |

6)2019-20 വർഷം താഴെപ്പറയുന്ന ദിവസങ്ങളിൽ കാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുക ക്രഡിറ്റ് ബാലൻ(-ve) രേഖപ്പെടുത്തിയിരിക്കുന്നു.

| ക്യാഷ് ബുക്ക് | | | |
|---|---|---|---|
| Head Code | Description | Debit | Credit |
| 02.03.2020 | Opening Balance | 12655 | |

| | | | |
|---|---|---|---|
| | Receipt | 190277 | |
| | Payment | | 215132 |
| | Closing Balance | (12200) | |
| 03.03.2020 | Opening Balance | | (12200) |
| | Receipt | 23428 | |
| | Payment | 23428 | |
| | Closing Balance | (12200) | |

7)ഡെവലപ്പ്മെന്റ് ഫണ്ട് എസ്.സി.പി ചെലവ് തുകകൾ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| എ.സി.ആർ പ്രകാരം | എ.എഫ്.എസ് പ്രകാരം | സുലേഖ പത്രിക പ്രകാരം |
|---|---|---|
| 13116234/- | 13191234/- | 13116234/- |

ഡെവലപ്പ്മെന്റ് ഫണ്ട് എസ്.സി.പി ഫണ്ടിൽ നിന്നും 28.01.2020 തീയതിയിൽ 21- House Upgradation എന്ന പ്രോജക്ട് പ്രകാരം (-)75000/- രൂപയുടെ ചെലവ് (തിരിച്ചടവ്) രേഖപ്പെടുത്തിയിട്ടുണ്ട്.

8)വിവിധ ഏജൻസികൾക്ക് ഡെപ്പോസിറ്റ് വർക്ക് ഇനത്തിൽ അനുവദിച്ച നൽകിയ തുകകളിൽ 2019-20 വർഷം വരെ ചെലവഴിക്കാത്ത/വിനിയോഗ സർട്ടിഫിക്കറ്റ് ലഭിക്കാത്ത തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| Code | Particulars | Amount |
|---|---|---|
| 460500201 | Deposit With Kerala Water Authority | 5075625/- |
| 460500202 | Deposit With KSEB | 2124671/- |

തുകകൾ ക്രമീകരിക്കാത്ത മേൽ ഡെപ്പോസിറ്റ് പ്രവർത്തികളുടെ വിശദാംശം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 2019-20 വർഷം കെ.എസ്.ഇ.ബി യിൽ നിന്നും 802046/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

9)സംയുക്ത പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകളിൽ 320700104 ഹെഡിൽ 2,80,000/- രൂപയും 320700204 ഹെഡിൽ 12,45,018 രൂപയും 320700404 ഹെഡിൽ 1,00,000/- രൂപയും 2018-19 വർഷം മുതൽ ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. പ്രസ്തുത തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ തിരികെ ഒടുക്കേണ്ടതാണ്.

10)ബാലൻസ് ഷീറ്റ് B-11(a) ഷെഡ്യൂൾ പ്രകാരം Capital Work In Progress ഇനത്തിലെ തുക 0 ആണ്. എന്നാൽ ആസ്തി നിർമ്മാണങ്ങളുമായി ബന്ധപ്പെട്ട് അസി.എഞ്ചിനീയർ നിർവഹണം നടത്തിയ 46, 48, 77,132 എന്നീ പ്രോജക്ടുകളിലായി പാർട്ട് ബിൽ തുക 2019-20 വർഷത്തിൽ അനുവദിച്ച നൽകിയിട്ടുണ്ട്.

11)state Sponsored Scheme -Widow's Daughter's Marriage എന്ന ഇനത്തിൽ Income & Expenditure പ്രകാരം 1,50,000/- രൂപ വരവ് ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ Receipt & Payment ഷെഡ്യൂളിൽ പ്രസ്തുത വരവ് ചെലവുകൾ ഉൾപ്പെടുത്തിയിട്ടില്ല.

12)കുടിവെള്ള കണക്ഷനായുള്ള അംഗീകൃത പ്രോജക്ട് (നമ്പർ 134) പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ വകയിരുത്തിയ തുക 5,000/- രൂപയാണ്. എന്നാൽ പ്രോജക്ടിന് ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ 10,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

13)വിവിധ സ്ഥാപനങ്ങളിൽ ഒടുക്കുന്നതിനായി പരിച്ചെടുത്ത തുകകളിൽ 2018-19 വർഷം മുതൽ നിലനിൽക്കുന്ന താഴെപ്പറയുന്ന തുകകൾ നാളിതുവരെ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ ഒടുക്ക് വരുത്തിയിട്ടില്ല.

| ഹെഡ് കോഡ് | ഇനം | തുക |
|---|---|---|
| 350200114 | Reecoveries Payable Income Taxdeducted At Source-salaries | 2,500 |
| 350200201 | Reecoveries Payable Income Taxdeducted At Source | 100 |

| | | |
|---|---|---|
| 350200202 | Reecoveries Payable Values Added Tax | 104 |
| 350200299 | Reecoveries Payable Other Deductions | 400 |
| 350300103 | Reecoveries Payable Value Added Tax | 12,638 |
| 350300110 | Government And Other Dues Payable CGST | 60,675 |
| 350300111 | Government And Other Dues Payable SGST | 60,675 |
| 350300199 | Government And Other Dues Payable Others | 4,81,163 |
| 350800299 | Other Liabilities | 1,48,476 |

14)വിവിധ തനത് വരുമാനങ്ങളിൽ മുൻകൂർ കളക്ഷൻ തുകകൾ 2018-19 വർഷം മുതൽ നിലനിൽക്കുന്നു. പ്രസ്തുത തുകകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

| ഹെഡ് കോഡ് | ഇനം | തുക |
|---|---|---|
| 350410199 | Advance Collection Of Revenue - Other Taxes | 778/- |
| 350410401 | Advance Collection - Rent From Building | 4,164 |

## 1-3 ഗ്രാന്റ് വിനിയോഗം

1)2019-20 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം ചുവടെ ചേർക്കുന്നു

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ക്യൂ ബിൽ |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 2,04,86,979 | 2,04,86,979 | 1,71,55,600 | 33,31,379 | 32,18,379 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 1,94,95,824 | 1,94,95,824 | 1,31,16,234 | 63,79,590 | 13,31,275 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 1,36,10,355 | 1,36,10,355 | 58,62,367 | 77,,47,988 | 66,06,751 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 1,52,72,000 | 1,52,72,000 | 77,10,963 | 75,61,037 | 39,30,882 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 57,52,000 | 57,52,000 | 53,86,553 | 3,65,447 | 3,04,433 |
| എം.എൻ.ആർ.ഇ.ജി.എസ് | 98,790 | 1,63,15,894 | 1,64,14,684 | 1,62,18,140 | 1,96,544 | - |

| | | | | | | |
|---|---|---|---|---|---|---|
| ശുചിത്വ മിഷൻ ഗ്രാന്റ് | 9,39,790 | 12,000 | 9,51,790 | 8,52,757 | 99,033 | - |
| ഐ.സി.ഡി.എസ് | 18,07,681 | 15,00,051 | 33,07,732 | 10,01,034 | 23,06,698 | - |
| ടോട്ടൽ സാനിറ്റേഷൻ | 31,92,310 | 0 | 31,92,310 | 0 | 31,92,310 | - |
| ലിറ്ററസി സ്കീം ഗ്രാന്റ് | 38,971 | 0 | 38,971 | 0 | 38,971 | - |
| ലൈഫ്- സംസ്ഥാന വിഹിതം | 0 | 42,24,416 | 42,24,416 | 15,80,000 | 26,44,416 | - |
| വിമുക്തി | 12,640 | 0 | 12,640 | 0 | 12,640 | - |
| വേസ്റ്റ് മാനേജ്മെന്റ് | 25,000 | 0 | 25,000 | 0 | 25,000 | - |
| ബി.ആർ.സി ഫണ്ട് | 2,15,396 | 8,465 | 2,23,861 | 99,689 | 1,24,172 | - |
| ഫാമിലിവെൽഫെയർ | 1,15,000 | 0 | 1,15,000 | 0 | 1,15,000 | - |
| പാലിയേറ്റീവ് കെയർ | 1,00,000 | 0 | 1,00,000 | 0 | 1,00,000 | |
| സി.എച്ച്.സി ഇൻഫ്രാസ്ട്രക്ചർ | 1,00,000 | 0 | 1,00,000 | 0 | 1,00,000 | |

ഗ്രാമപഞ്ചായത്തിന് തൻ വർഷം വകയിരുത്തിയ വിവിധ ഗ്രാന്റ് തുകകൾ ചെലവഴിക്കാത്തതിനാൽ ലാപ്സായിട്ടുണ്ട് (നീക്കിയിരുപ്പ് തുകയായി രേഖപ്പെടുത്തിയിട്ടുള്ളത് ക്യൂ ബിൽ ഉൾപ്പെടെയുള്ള തുകയാണ്). പദ്ധതികൾ സമയ ബന്ധിതമായി നടപ്പാക്കുന്നതിലും വിവിധ ഗ്രാന്റുകൾ ചെലവഴിക്കുന്നതിലും ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടുണ്ട്. പദ്ധതി തുക കാര്യക്ഷമമായി ചെലവഴിക്കുന്നതിൽ നിർവഹണ ഉദ്യോഗസ്ഥരുടെയും ഭരണ സമിതിയുടെയും ശ്രദ്ധ അനിവാര്യമാണ്.

2)ഗ്രാമപഞ്ചായത്തിന് വിവിധ വർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന ഗ്രാന്റുകൾ ചെലവഴിക്കാതെ തനത് ഫണ്ടിൽ അവശേഷിക്കുന്നു.

| ക്രമ നം | ഹെഡ് കോഡ് | 2018-19 ബാലൻസ് ഷീറ്റ് പ്രകാരം | 2019-20 വർഷത്തെ ചെലവ് | 2019-20 ബാലൻസ് ഷീറ്റ് |
|---|---|---|---|---|
| 1 | 320100115 | 31,92,310 | 0 | 31,92,310 |
| 2 | 320100203 | 25,000 | 0 | 25,000 |
| 3 | 320200309 | 38,971 | 0 | 38,971 |
| 4 | 320500101 | 12,640 | 0 | 12,640 |
| 5 | 320800199 | 3,15,000 | 0 | 3,15,000 |

3)2019-20 വർഷത്തെ വികസന ഫണ്ട് വിനിയോഗത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും താഴെപ്പറയുന്ന പ്രകാരം വ്യത്യാസം കാണുന്നു.

| Fund/Grant | Item | Receipt | Expenditure | Balance |
|---|---|---|---|---|
| Development Fund (General) | ACR | 2,04,86,979 | 1,71,55,600 | 33,31,379 |
| | Grant Statement | 2,04,86,979 | 1,78,29,797 | 26,57,182 |

ഗ്രാന്റിനത്തിൽ ലഭിക്കുന്ന തുക പരമാവധി പ്രയോജനപ്രദവും പൂർണവുമായ രീതിയിൽ ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

2019-20 ൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 186 | 13,48,64,900 | 123 | 6,38,93,005 | 4 | 59 | 66% |

2019-20ൽ പദ്ധതി അടങ്കൽ തുക വകയിരുത്തിയതിന്റെ 47.38% മാത്രമാണ് ഗ്രാമ പഞ്ചായത്തിന് ചെലവഴിക്കാനായത്. ആകെ 78 പദ്ധതികൾ നടപ്പിലാക്കുന്നതിനായാണ് അസിസ്റ്റന്റ് എഞ്ചിനീയർ തൻവർഷം അംഗീകാരം ലഭ്യമാക്കിയിരുന്നതെങ്കിലും 30 പദ്ധതികളിൽ മാത്രമാണ് സുലേഖ ചെലവു പത്രിക പ്രകാരം ചെലവുള്ളത്. 4 പദ്ധതികൾ ഭാഗികമായി നടപ്പിലാക്കിയിട്ടുണ്ട്. ആകെ 3,70,24,526/- രൂപ വകയിരുത്തിയതിൽ 1,17,26,356/- രൂപ മാത്രമാണ് ചെലവഴിക്കാനായത്. പദ്ധതി ചെലവു ശതമാനം 31.67% മാത്രമാണ്. അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥയായി 2019-20ൽ അംഗീകാരം ലഭിച്ച 10 സ്പിൽ ഓവർ പ്രോജക്ടുകൾ തൻവർഷവും നടപ്പാക്കിയില്ല.

സെക്രട്ടറി 33 പദ്ധതികൾ നടപ്പിലാക്കുന്നതിനായി അംഗീകാരം ലഭ്യമാക്കിയിരുന്നെങ്കിലും 27 പദ്ധതി മാത്രമാണ് നടപ്പാക്കിയത്.

കൃഷി ഓഫീസർ 8 പ്രോജക്ടുകളിൽ 7എണ്ണം നടപ്പാക്കിയെങ്കിലും ചെലവ് 40.2% മാത്രമാണ്.

അസിസ്റ്റന്റ് സെക്രട്ടറി അംഗീകാരം ലഭ്യമായ 15 പ്രോജകളിൽ 12 എണ്ണം നടപ്പാക്കിയെങ്കിലും ചെലവ് 52% മാത്രമാണ്.

പ്രോജക്ടുകൾ സമയബന്ധിതമായും ജനോപകാരപ്രദമായും നടപ്പിലാക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണസമിതിയും കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

പദ്ധതി ആസൂത്രണം

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.018 ഖണ്ഡിക 3.1.1(ബി)പ്രകാരം പ്രദേശത്തിന്റെ വികസനം സംബന്ധിച്ച്ആരോഗ്യകരമായ സംവാദങ്ങൾ പ്രോത്സാഹിപ്പിക്കുക, സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക, പദ്ധതിആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിയ്ക്ക് റിപ്പോർട്ട്നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. എന്നാൽ ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ ആസൂത്രണ സമിതി യോഗം ചേർന്നതായി മിനുട്സിൽ രേഖപ്പെടുത്തലില്ല. പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ചവത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃ സംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. അപ്രകാരം പുനഃ സംഘടിപ്പിച്ചതിന്റെ വിവരവും ലഭ്യമല്ല .

## 1-5 ക്ഷേമപദ്ധതികൾ

1)വിവിധ ക്ഷേമപദ്ധതികൾക്ക് 2019-20 വർഷം ചെലവഴിച്ച തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,71,600 | 269 |
| കർഷകതൊഴിലാളി പെൻഷൻ | 13,24,800 | 245 |
| വിധവാപെൻഷൻ | 84,90,000 | 1516 |
| വാർദ്ധക്യകാലപെൻഷൻ | 1,70,26,200 | 3083 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 26,31,500 | 451 |
| വിവാഹധനസഹായം | 1,50,000 | 5 |
| അവിവാഹിതരായ 50 വയസിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 1,26,000 | 22 |

2)സാമൂഹ്യ ക്ഷേമ പെൻഷൻ - അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ മരണ രജിസ്ട്രേഷൻ രേഖകൾ, സേവന പെൻഷൻ സോഫ്റ്റ് വെയർ എന്നിവ പരിശോധിച്ചതിൽ വിവിധ സാമൂഹ്യ ക്ഷേമ പെൻഷൻ ഗുണഭോക്താക്കാൾക്ക്, മരണ ശേഷവും തുക വിതരണം ചെയ്തിട്ടുണ്ട്. 2019-20 വർഷം ഗ്രാമപഞ്ചായത്തിൽ മരണം രജിസ്ട്രേഷൻ ചെയ്ത വ്യക്തികളുടെ ഓഡിറ്റിന് ലഭ്യമാക്കിയ ആധാർ രേഖകൾ പരിശോധിച്ചതിൽ ഇത്തരത്തിൽ തുക അനുവദിച്ച ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പെൻഷൻ ഐ.ഡി | പേര് | മരണപ്പെട്ട തീയതി | പെൻഷൻ വിഭാഗം | പെൻഷൻ അനുവദിച്ച കാലയളവ് | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 1 | 102250201629 | കൃഷ്ണൻ | 24.02.2019 | വാർദ്ധക്യകാല പെൻഷൻ | 04/2019 വരെ | 1,100+1,200=2,300 |
| 2 | 102250202034 | രാജൻ | 27.02.2019 | വാർദ്ധക്യകാല പെൻഷൻ | 04/2019 വരെ | 1,100+1,200=2,300 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.26/08.12.2021 ന് ലഭിച്ച മറുപടിയിൽ അധികം നൽകിയ തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർക്കുലർ നം.63/2021/ധന തീ.02.08.2021 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ച് മരണപ്പെട്ട/അനർഹരായ ഗുണഭോക്താക്കളെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.12.2021 03.10 PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 24,018/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെപറയുന്ന വിഷയങ്ങളിൽ ശ്രദ്ധപതിക്കേണ്ടതാണ്.

1)ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. പുതതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

2)ഗ്രാമ പഞ്ചായത്തിന്റെ ആസ്തി സംരക്ഷണത്തിനായി ജനറൽ കമ്മിറ്റി എടുത്ത വിവധ തീരുമാനങ്ങളിന്മേൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) വിവിധ രജിസ്റ്ററുകളുടെ പരിപാലനം, നികുതി, നികുതിയേതര വരുമാനങ്ങളുടെ ശേഖരണം, ലൈസൻസ് ലേലം എന്നിവയുടെ നടപടിക്രമങ്ങളിൽ കൃത്യതയും പൂർണതയും ഉണ്ടാകേണ്ടതുണ്ട്.

4) സ്പിൽ ഓവർ പദ്ധതികൾ തൻവർഷം തന്നെ പൂർത്തീകരിക്കണമെന്ന സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശം നിർവ്വഹണോദ്യോഗസ്ഥർ പാലിക്കുന്നില്ല.

5) അസി.എഞ്ചിനീയർ ഭൂരിഭാഗം പദ്ധതികളും നടപ്പിലാക്കിയില്ല. ആകെ നടപ്പാക്കിയ 74 പ്രോജക്ടുകളിൽ 29 എണ്ണം മാത്രമാണ് പൂർത്തികരിച്ചത്. 10പദ്ധതികളിൽ എസ്റ്റിമേറ്റുകൾ പുതുക്കി നിർവ്വഹണം നടത്തി.

6) വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഗുണഭോക്താക്കളുടെ മരണശേഷവും വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു.

7) ഗ്രാമ പഞ്ചായത്തിൽ എഴുതി സൂക്ഷിക്കുന്ന വിവിധ രജിസ്റ്ററുകളുടെയും മിനിട്സ് ബുക്കുകളുടെയും പരിപാലനത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

8) വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് കുറച്ചുകൂടി മെച്ചപ്പെടുത്തുന്നതിന് വിവിധ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

9)എല്ലാ നിർവ്വഹണോദ്യോഗസ്ഥരും TR7A ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ്.

10)ഗ്രാമ പഞ്ചായത്തിന് വരവിനത്തിൽ ലഭിക്കേണ്ട തുകകൾ കൃത്യമായി പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-8 തൊഴിലുറപ്പ് പദ്ധതി

2019-20 വർഷത്തെ വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 98,790 | 5,82,157 | 6,80,947 | 4,84,403* | 1,96,544 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 1,57,33,737 | 1,57,33,737 | 1,57,33,737 | 0 |
| ആകെ | 98,790 | 1,63,15,894 | 1,64,14,684 | 1,62,18,140 | 1,96,544 |

*12939 രൂപ റീ ഫണ്ട് ചെയ്തു

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

1) ജി.എസ്.ടി ഒടുക്ക് വരുത്തിയിട്ടില്ല

2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. ചുവടെ ചേർക്കുന്ന പ്രവൃത്തിയിൽ നിന്നും ജി.എസ്.ടി എന്നിവ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ഒടുക്കിയിട്ടില്ല.

| പ്രവൃത്തിയുടെ കോഡ് | പ്രവൃത്തിയുടെ പേര് | എം. ബുക്ക് നം | കരാറുകാരൻ | കരാറുകാരന് നൽകിയ തുക |
|---|---|---|---|---|
| 1614010001/RC /274557 | ലക്ഷം വീട് മാന്തോട്ടം നടപ്പാത കോൺക്രീറ്റിംഗ് | 73/2018-19 | ഷിജു | 3,63,370/- |

2) മാസ്റ്റർ സർക്കുലർ പ്രകാരമുള്ള രേഖകൾ ഫയലിൽ സൂക്ഷിക്കേണ്ടതാണ് .

എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ (2019-20) പ്രകാരമുള്ള എല്ലാ രേഖകളും പൂർണമായും എഴുതി ഫയലിൽ സൂക്ഷിക്കുന്നില്ല. മാസ്റ്റർ സർക്കുലർ പ്രകാരമുള്ള 21 രേഖകളും സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിട്ടുള്ള സൈറ്റ് ഡയറിയും പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻഡക്വയറി നം.41/14.12.2021 ന് ലഭിച്ച മറുപടിയിൽ ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആദായ നികുതിയും ജി.എസ്.ടിയും ഒടുക്കിയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

3) ദർഘാസ് പ്രമാണങ്ങളുടെ വിറ്റ് വരവ് - അപാകങ്ങൾ

സ.ഉ(കൈ) നം.93/2012/lsgd Dated31.03.2012 പ്രകാരം ദർഘാസ് പ്രമാണങ്ങളുടെ വിറ്റ് വരവ് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മറ്റ് വരവുകളുമായി ഉൾപ്പെടുത്തി കണക്ക് സൂക്ഷിക്കേണ്ടതാണ്. റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്കായി ദർഘാസ് പരസ്യം ക്ഷണിച്ചിട്ടുണ്ടെങ്കിലും ടെണ്ടർഫോറമിനത്തിൽ ലഭ്യമായ തുക എം.എൻ.ആർ.ഇ.ജി.എസ് അക്കൗണ്ടിലേക്ക് വരവ് വച്ചിട്ടില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻഡക്വയറി നം.42/14.12.2021 ന് ലഭിച്ച മറുപടിയിൽ ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 04.01.2021-07.01.2021 | 09/2020-12/2020 | 07.01.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.11.2016 മുതൽ 19.11.2016 വരെ | 2011-12 മുതൽ 2015-16 വരെ | 28.12.2016 |

## 1-10 കളക്ഷനിലെ തുകകളും രസീതുകളും പൊരുത്തപ്പെടുന്നില്ല

2019-20 വർഷം വസ്തു നികുതി ഇനത്തിൽ പരിച്ചെടുത്ത താഴെപ്പറയുന്ന രസീതുകളിലെ തുകകളും സഞ്ചയ കളക്ഷനിലെ തുകകളും പൊരുത്തപ്പെടുന്നില്ല.

| ക്രമ നം | വാർഡ് | കെട്ടിട നം | വിലാസം | രസീത് ബുക്ക് നം | രസീത് നം | തീയതി | രസീതിലെ തുക | സഞ്ചയ കളക്ഷനിലെ തുക |
|---|---|---|---|---|---|---|---|---|
| 1 | 11 | 551 | ചന്ദ്രൻപിള്ള(ചന്ദ്ര വിലാസം,തോക്കാട് | 40813 | 62 | 28/10/2019 | 46 | 92 |
| 2 | 17 | 217 | സൈഫുദീന്(വിളയിൽ വീട്,നടയറ),സജീന (വിളയിൽ വീട്, | 40807 | 4 | 03/04/2019 | 218 | 436 |
| 3 | 19 | 445 | രാജേന്ദ്രൻ നായർ (ചരുവിളപുത്തന് വീട്, മുട്ടപ്പലം, | 40836 | 91 | 22/02/2020 | 177 | 354 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 05/03.12.2021 ന് ലഭിച്ച മറുപടിയിൽ അപാകത പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി തുക പൂർണ്ണമായും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 വസ്തു നികുതി - അപാകങ്ങൾ

1)വസ്തു നികുതി നിർണയത്തിലെ അപാകങ്ങൾ

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ നികുതി നിർണയത്തിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A)കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് നടത്തിയില്ല

സഞ്ചയ സോഫ്റ്റ് വെയറിൽ 1,2,3 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവര ഡിമാന്റ് ചെയ്തിട്ടില്ല.

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 1/35 | കെ.അംബിക | പാർപ്പിടം | 65 $M^2$ |
| 2 | 1/118 | അശോകൻ | പാർപ്പിടം | 65 $M^2$ |
| 3 | 1/654 | ലൈലാബീവി | പാർപ്പിടം | 64 $M^2$ |
| 4 | 1/671 | സുജാ രാജേന്ദ്രൻ | പാർപ്പിടം | 136 $M^2$ |
| 5 | 2/20 | സ്വാമിനാഥൻ | പാർപ്പിടം | 80 $M^2$ |
| 6 | 2/147 / | പി.എ. വസന്തകുമാരി | പാർപ്പിടം | 160 $M^2$ |
| 7 | 2/159 | രാജേന്ദ്രബാബു | പാർപ്പിടം | 91 $M^2$ |
| 8 | 2/176 | വിലാസിനി | പാർപ്പിടം | 80 $M^2$ |

| | | | | |
|---|---|---|---|---|
| 9 | 2/207 | മണിലാൽ | പാർപ്പിടം | 62 $M^2$ |
| 10 | 2/603 | സുബ്രമണ്യമണ്യന് | പാർപ്പിടം | 79 $M^2$ |
| 11 | 2/610 | ബിന്ദു | പാർപ്പിടം | 64 $M^2$ |
| 12 | 2/624 | ശിവകുമാർ | പാർപ്പിടം | 86 $M^2$ |
| 13 | 2/666 | കുട്ടപ്പൻ | പാർപ്പിടം | 70 $M^2$ |
| 14 | 3/66 | ചന്ദ്രമതി | പാർപ്പിടം | 70 $M^2$ |
| 15 | 3/93 | സുരേന്ദ്രൻ | പാർപ്പിടം | 62 $M^2$ |
| 16 | 3/200 | ബാബു | പാർപ്പിടം | 70 $M^2$ |
| 17 | 3/354 | ഗണപതി | പാർപ്പിടം | 63 $M^2$ |
| 18 | 3/434 | ഷീബ | പാർപ്പിടം | 63 $M^2$ |
| 19 | 3/437 | അനിൽ കുമാർ | പാർപ്പിടം | 64 $M^2$ |
| 20 | 3/452 | രാജമ്മ | പാർപ്പിടം | 63 $M^2$ |
| 21 | 3/455 | മുരളീധരൻ | പാർപ്പിടം | 72 $M^2$ |
| 22 | 3/722 | ഉണ്ണിക്കൃഷ്ണൻ | പാർപ്പിടം | 70 M |

B)നികുതി ഡിമാന്റ് ചെയ്യാതെ വസ്തു നികുതി പിരിച്ചെടുത്തു

1)സഞ്ചയ സോഫ്റ്റ് വെയറിൽ 10,11,13,17 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്യാതെ നികുതി പരിച്ചെടുത്തതായും അഡ്വാൻസ് ഇനത്തിൽ തുക നില നിൽക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ.

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം | നാളിതുവരെ പിരിച്ചെടുത്ത തുക |
|---|---|---|---|---|---|
| 1 | 13/476 | മീനാക്ഷി | പാർപ്പിടം | 210 $M^2$ | 2,565/- |
| 2 | 13/55 | പത്മനാഭൻ | പാർപ്പിടം | 136 $M^2$ | 890/- |
| 3 | 11/454 | യശോദ | പാർപ്പിടം | 70 $M^2$ | 747/- |
| 4 | 10/143 | ബിന്ദു | പാർപ്പിടം | 65 $M^2$ | 1,716/- |
| 5 | 10/320 | ശിവദാസൻ | പാർപ്പിടം | 64 $M^2$ | 1,255/- |
| 6 | 10/213 | ശിവജി | പാർപ്പിടം | 64 $M^2$ | 787/- |
| 7 | 17/406 | സിയാദ് | പാർപ്പിടം | 12 $M^2$ | 1,026/- |
| 8 | 17/567 | ജ്യോതിബാസ് | പാർപ്പിടം | 79 $M^2$ | 574 |

C)ഡിമാന്റ് ചെയ്യാത്ത കാലയളവിൽ വസ്തു നികുതി പിരിച്ചെടുത്തു

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ ഡിമാന്റ് ചെയ്യാത്ത കാലയളവിൽ (ഡിമാന്റ് തുക പൂജ്യം) വസ്തു നികുതി പിരിച്ചെടുത്തിട്ടുണ്ട്. വിശദാംശം ചുവടെ

| ക്രമ നം | വാർഡ് | കെട്ടിട നം | സബ് നം | പേര് വിലാസം | നികുതി പിരിച്ചെടുത്ത കാലയളവ് |
|---|---|---|---|---|---|
| 1 | 1 | 200 | A | സിന്ധു.കെ(കോണത്തുവീട്,വണ്ടിപ്പുര,പാളയംകുന്ന് | 2019 ഒന്നാം അർദ്ധ വർഷം |
| 2 | 2 | 610 | A | ബിന്ദു (ചേട്ടക്കാവിൽ പുത്തൻവീട്,കോവൂർ,പാളയംകുന്ന് പി | 2019 ഒന്നാം അർദ്ധ വർഷം |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 07,08/03.12.2021 ന് ലഭിച്ച മറുപടിയിൽ അപാകത പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകങ്ങൾ കണ്ടെത്തേണ്ടതും പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2)വാണിജ്യ കെട്ടിട ത്തിന് തെറ്റായ നികുതി നിർണയം നടത്തി

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം ഉപയോഗക്രമത്തിനനുസരിച്ച് ഓരോ കെട്ടിടങ്ങൾക്കും അടിസ്ഥാന വസ്തു നികുതി നിരക്ക് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്. 100 മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ളഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് അടിസ്ഥാന വസ്തു നികുതി 50/- രൂപയാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള വാണിജ്യകെട്ടിടങ്ങളെ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി അടിസ്ഥാനവസ്തു നികുതി 30/- രൂപ നിരക്കിൽ ഡിമാന്റ് ചെയ്ത് തുക ഈടാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 11/288 A | സജി ഡി എസ് | ഷോപ്പ് | 105 $M^2$ |
| 2 | 12/262 A | ബീന.എസ് | ഷോപ്പ് | 112.06 $M^2$ |
| 3 | 15/50 J | വേണു.എസ്.നായർ | ഷോപ്പ് | 105 $M^2$ |
| 4 | 18/539 C | ഹേനസാബു | ഷോപ്പ് | 185.62 $M^2$ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 06/03.12.2021 ന് ലഭിച്ച മറുപടിയിൽ സഞ്ചയയിലെ മേൽ അപാകത പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടത്തിന്റെ വസ്തു നികുതി പുനർ നിർണയിച്ച് കുടിശ്ശിക തുക അടക്കം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3) വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കി നൽകുന്നതിൽ അപാകത

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം, കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2019-20 വർഷം മേൽ നടപടി ക്രമങ്ങൾ പാലിക്കാതെ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്.ഗ്രാമപഞ്ചായത്തിലെ 1,2 വാർഡുകളിൽ മേൽ നടപടി ക്രമം പാലിക്കാതെ നികുതി ഇളവ് അനുവദിച്ച കെട്ടിടങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട നം | പേര് , വിലാസം |
|---|---|---|
| 1 | 1/15 | വാസുദേവൻപിള്ള (വി.എൽ.എ നിവാസ്,പാളയംകുന്ന്) |
| 2 | 1/97 | ശ്രീനിവാസൻ (എ.പി. എസ് നിവാസ്,പാളയംകുന്ന്) |
| 3 | 1/318 | നന്ദഗോപിനി (സോളം,പാളയംകുന്ന്) |
| 4 | 1/339 | വിശ്വനാഥൻ (പ്രതീപ് നിവാസ്) |
| 5 | 1/675 | ഗോപാലന് ചെട്ടിയാർ (ജി.എസ്.നിലയം) |
| 6 | 2/99 | പി.എ. വസന്തകുമാരി (അർച്ചന,പാളയംകുന്ന്) |

| | | |
|---|---|---|
| 7 | 2/159 | രാജേന്ദ്രബാബു . ആർ (കാർത്തിക,പാളയംകുന്ന്) |
| 8 | 2/229 | അഭിലഷ് ആർ എസ് (ശ്രീകോവിൽ,പാളയംകുന്ന്) |
| 9 | 2/242 | കെ. ആർ. സരോജിനി പിള്ള (ശക്തി നിവാസ്) |
| 10 | 2/369 | ബേബിസുഷമ (ഗോൾഡി വിഹാർ) |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 10/04.12.2021 ന് ലഭിച്ച മറുപടിയിൽ രേഖകൾ പരിശോധിച്ച് ഒഴിവാക്കി എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ രജിസ്റ്ററിൽ പ്രസ്തുത വിവരങ്ങൾ കൃത്യമായും രേഖപ്പെടുത്തിയിട്ടില്ല. സർക്കാർ ഉത്തരവ് കൃത്യമായി പാലിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ച് നികുതി ഇളവ് നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

4) അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്). 358/15/തസ്വഭവ തീ. 16.12.2015 എന്നിവ പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായും പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇളവിനായി ഓരോ പഞ്ചവർഷ അസ്സസ്മെന്റ് കാലയളവിലേയ്ക്കും കെട്ടിട ഉടമകളിൽ നിന്നും നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം വാങ്ങി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചു നൽകിയിട്ടുണ്ട്. അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A) ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് അനുവദിച്ചു

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ

| ക്രമ നം | വാർഡ്/കെട്ടിട.നം | പേര് /വിലാസം |
|---|---|---|
| 1 | 9/5 A | ഓമന, അജയ വിലാസം |
| | 9/4 C | |
| 2 | 1/530 A | അച്യുതൻ, മുരിങ്ങവിള വീട് |
| | 1/530 B | |
| 3 | 1/239 B | കുമാരി, പുത്തൻവിള കിഴക്കതിൽ വീട് |
| | 1/240 | |
| 4 | 1/209 | ലളിത, ജി.ജി നിവാസ് |
| | 1/439 B | |
| 5 | 3/394 B | വിജയ, വന്ദന വിലാസം |
| | 3/194 D | |
| 6 | 18/320 C | അനിൽ, കാവിൽ വീട് |
| | 18/321 A | |

B)കെട്ടിട ഉടമകൾ സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 ഉത്തരവ് പ്രകാരം സമർപ്പിക്കേണ്ട സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല എന്ന് സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ 3,5,7,8 എന്നീ വാർഡുകളിൽ ഇത്തരത്തിൽ രേഖപ്പെടുത്തിയ കെട്ടിടങ്ങൾ ചുവടെ ചേർക്കുന്നു.

| Sl No | Ward No | Door No | Sub No | Owner Details | Plinth Area |
|---|---|---|---|---|---|
| 1 | 3 | 585 | B | തങ്ക(രഞ്ജിത വിലാസം,കോവൂര് പാളയംകന്ന്) | 37 |
| 2 | 3 | 778 | A | ബാബു.കെ(രാജമ്മ നിവാസ്,കോവൂര്,പാളയംകന്ന് | 52 |
| 3 | 5 | 180 |  | അബ്ദുൾ ജബ്ബാർ(കല്ലുവിള,മുത്താന) | 27 |
| 4 | 7 | 306 |  | ബേബി(പൂരാടം,ഞെക്കാട്,വടശ്ശേരികോണം) | 41.5 |
| 5 | 7 | 336 |  | ബാബു.വി(ആര്യ ഭവൻ,ഞെക്കാട്) | 18 |
| 6 | 7 | 400 |  | പി.സത്യശീലന്(പൊയ്കയില് വീട്) | 40 |
| 7 | 7 | 594 | B | ബേബി(രേവതി നിലയം,ഞെക്കാട്) | 36.3 |
| 8 | 7 | 753 | A | ബിന്ദു(കൃഷ്ണവിളാകത്ത് പുത്തൻവീട്,ചെമ്മരുതി) | 60 |
| 9 | 8 | 135 |  | തങ്കം(റ്റി.എസ് ഭവൻ,ചെമ്മരുതി,വടശ്ശേരികോണം) | 45 |
| 10 | 8 | 291 | A | ലീന(ഉത്രാടം,ചെമ്മരുതി, വടശ്ശേരികോണം) | 60 |
| 11 | 8 | 540 | D | രജനി (വിജി ഭവൻ,മുത്താന) | 43 |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 13/06.12.2021 ന് ലഭിച്ച മറുപടിയിൽ സഞ്ചയയിൽ രേഖപ്പെടുത്തിയ അപാകങ്ങൾ ഉൾപ്പെടെ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

5) സഞ്ചയ സോഫ്റ്റ് വെയർ പ്യൂരിഫിക്കേഷൻ - ചട്ടങ്ങൾ പാലിക്കാതെ വസ്തു നികുതി നിർണ്ണയം നടത്തുന്നു

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 11 (1), (2) എന്നിവ പ്രകാരം ഓരോ കെട്ടിടത്തിന്റെയും ഉടമ, തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളടങ്ങിയതും അവ സത്യമാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയതുമായ വസ്തു നികുതി റിട്ടേൺ 10-ാം ചട്ടം (2):ാം ഉപചട്ടം പ്രകാരം സെക്രട്ടറി പ്രസിദ്ധീകരിക്കുന്ന നോട്ടീസിൽ ആവശ്യപ്പെടുന്ന സമയപരിധിക്കകം സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുൻപാകെ ഫാറം -2ൽ സമർപ്പിക്കേണ്ടതാണ്. മേൽ ചട്ടം 12(4) പ്രകാരം കെട്ടിടഉടമ വസ്തുനികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ, സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറുമാസത്തിനകം സ്ഥലത്തു പോയി വിവരങ്ങളുടെ കൃത്യതയും ഉറപ്പാക്കേണ്ടതുമാണ്. കെട്ടിടത്തെ സംബന്ധിച്ച ആവശ്യമായ വിശദ വിവരങ്ങൾ / ആധികാരിക രേഖകൾ ഉൾപ്പെടുത്തി ഫോം 6 തയ്യാറാക്കേണ്ടതും, അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി വസ്തു നികുതി നിർണ്ണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ സഞ്ചയസോഫ്റ്റ്വെയർ പ്യൂരിഫിക്കേഷനുമായി ബന്ധപ്പെട്ട് സ്ഥലസന്ദർശം നടത്തി ഫാറം 6 തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല .2019-20 വർഷത്തെ പ്യൂരിഫിക്കേഷൻ രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രസ്തുത കാരണങ്ങളാൽ സഞ്ചയ സോഫ്റ്റ്വെയറിലെ വസ്തുനികുതി നിർണ്ണയത്തിന്റെ കൃത്യത പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.വസ്തുനികുതി ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് വസ്തുനികുതി നിർണ്ണയം നടത്തേണ്ടതും ബന്ധപ്പെട്ട

രേഖകളും രജിസ്റ്ററും കൃത്യമായും പരിപാലിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-12 റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ റേഷൻ കടകൾക്കും 2019-20 വർഷത്തേയ്ക്ക് ഫാക്ടോസ് ലൈസൻസ് അനുവദിച്ചുനൽകിയിട്ടില്ല. കൂടാതെ റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 14/06.12.2021 ന് മറുപടിയിൽ ലൈസൻസ് അനുവദിക്കുന്നതിനും തൊഴിൽ നികുതി ഈടാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട് . സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ (സി.എസ്)എ9-764/2019 ാം നമ്പർ കത്തിൽ എല്ലാ റേഷൻ കടകളും തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഒടുക്കണമെന്ന് സ്പഷ്ടീകരണം ലഭിച്ച സാഹചര്യത്തിൽ പ്രസ്തുത തുകകൾ ഈടാക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-13 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 2019-20 വർഷം ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്തതിൽ അറുപത് ദിവസത്തിൽ കൂടുതൽ കാലയളവിൽ ജോലി ചെയ്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.14/06.12.2021 ന് ലഭ്യമാക്കിയ മറുപടിയിൽ 4 കരാറുകരാണ് അറുപത് ദിവസത്തിൽ കൂടുതൽ കാലയളവിൽ പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കിയതെന്ന് അറിയിച്ചിട്ടുണ്ട്. മേൽ കരാറുകാർ മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി ഒടുക്കിയിട്ടില്ലെങ്കിൽ തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-14 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകങ്ങൾ

2019-20 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ്, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തി.

A)ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നില്ല.ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കാത്തതിനാൽ പഞ്ചായത്തിൽ നിലവിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ യഥാസമയം ലൈസൻസ് പുതുക്കുന്നുണ്ടെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.2018-19 വർഷം ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെട്ട 9,15,19 എന്നീ വാർഡുകളിലെ സ്ഥാപനങ്ങൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളെ 2019-20 വർഷം ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം | വാർഡ് നം/കെട്ടിട നം | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | 15/49 | അജി | ബാർബർ ഷോപ്പ് |
| 2 | 15/43 A | അരുൺ | ഹോട്ടൽ |
| 3 | 15/207 | സന്തോഷ് | അലൂമിനിയം ഫാബ്രിക്കേഷൻ |
| 4 | 19/551 | സിനിമോൾ | പലചരക്ക് കട |
| 5 | 19/157 | ഉദ | സ്റ്റേഷനറി |

| | | | |
|---|---|---|---|
| 6 | 19/148 B | വിപിൻ | മൈക്ക് സെറ്റ് |
| 7 | 19/45 | ജയൻ | വെൽഡിംഗ് വർക്ക് |
| 8 | 9/48 A | രാജേന്ദ്രൻ | ചെരുപ്പ് നിർമ്മാണം |
| 9 | 9/16 A | ബിന്ദു | ഫോൺ റീചാർജ്ജ് |
| 10 | 9/88 | ശോഭന | ബേക്കറി |
| 11 | 9/443 | വിജയകുമാർ | ബേക്കറി |

B)ലൈസൻസ് പുതുക്കി നൽകിയിട്ടില്ല

2018-19വർഷം ലൈസൻസ് നൽകിയ 1,3എന്നീ വാർഡുകളിലെ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് 2019-20 വർഷം ലൈസൻസ് നൽകിയിട്ടില്ല.

| ക്രമ നം | വാർഡ്/കെട്ടിട നം | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | 1/80 | ശാന്തി | പലചരക്ക് കട |
| 2 | 1/257 | ശ്രീനിവാസൻ | സ്റ്റേഷനറി കട |
| 3 | 1/449 C | സബീത | വസ്ത്രവ്യാപാരം |
| 4 | 1/313 A | മനോഹരൻ | സ്റ്റേഷനറി |
| 5 | 1/380 | സുനിത | സ്റ്റേഷനറി |
| 6 | 1/65 B | ജോണി | സ്റ്റേഷനറി |
| 7 | 1/707 | ജയകുമാർ | ഫാൻസി |
| 8 | 1/705 | ജയകുമാർ | സിമന്റ് കട |
| 9 | 1/89 | വിശ്വനാഥൻ | പച്ചക്കറി വ്യാപാരം |
| 10 | 1/317 | ഖാലിദ് | കോള വില്പന |
| 11 | 3/225,226 | വാമദേവൻ | സ്റ്റേഷനറി |
| 12 | 3/341,42 | വിജയസേനൻ | പലചരക്ക് കട |
| 13 | 3/540 D | സജീൻ | ബേക്കറി |
| 14 | 3/227,228 | മഞ്ജു | വസ്ത്രവ്യാപാരം |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.27/08.12.2021ന് മറുപടിയിൽ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ലൈസൻസ് ഫീസിന്റെ നിർണ്ണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. കൂടാതെ

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പൊതുജനങ്ങൾക്ക് അപകടം ഉണ്ടാകുന്ന തരത്തിലും മലിനീകരണം ഉണ്ടാകുന്ന തരത്തിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 1-15 വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിൽ അപാകത

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254, കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. സ്റ്റാറ്റസ് റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 1892 വളർത്തുനായകൾ ഉള്ളതായും 112 എണ്ണത്തിന് ലൈസൻസ് ഉള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 30 വളർത്തു നായകൾക്ക് മാത്രമാണ് 2019-20 വർഷത്തേയ്ക്ക് ലൈസൻസ് നൽകിയിട്ടുള്ളത്

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 15/06.12.2021 ന് ലഭ്യമാക്കിയ മറുപടിയിൽ ലൈസൻസ് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. വാക്സിനേഷൻ നൽകിയ വളർത്തുനായകളുടെ വിവരം വെറ്ററിനറി ആശുപത്രിയിൽ നിന്നും ശേഖരിച്ച് ലൈസൻസ് അനുവദിക്കുന്നതിന് നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## 1-16 മരണ രജിസ്ട്രേഷൻ അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ മരണ രജിസ്ട്രേഷൻ അപേക്ഷയോടൊപ്പം അനുബന്ധ രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.26/08.12.2021 ന് ലഭിച്ച മറുപടിയിൽ അനുബന്ധ രേഖകൾ വാങ്ങി സൂക്ഷിക്കാറുണ്ട് എന്നും എന്നാൽ ഫയലുകൾ റെക്കോർഡ് റൂമിലേക്ക് സ്റ്റോക്ക് ചെയ്യുപ്പോൾ നഷ്ടപ്പെട്ടുവെന്നുമാണ് അറിയിച്ചിട്ടുള്ളത്. സർക്കാർ നിർദ്ദേശപ്രകാരമുള്ള രേഖകൾ കൃത്യമായും അപേക്ഷയോടൊപ്പം സൂക്ഷിക്കേണ്ടതും ഭാവിൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-17 ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്തിൽ ഒടുക്കുവരുത്തിയില്ല

അസിസ്റ്റന്റ് എൻജിനീയർ 2017-18 സാമ്പത്തിക വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) 1,06,480/- രൂപ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കുവരുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന് ഇതുവരെയും തിരികെ ലഭ്യമായിട്ടില്ല എന്ന് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 3/03.12.2021) മറുപടിയായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുക തിരികെ ലഭ്യമാക്കി ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്. നിലവിൽ പ്രസ്തുത ഇനത്തിൽ ലഭിക്കുന്ന തുക ചെമ്മരുതി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പാളയം കുന്ന് എസ്.ബി.ഐ. അക്കൗണ്ട് നമ്പറായ 00000037289819391 ലേയ്ക്കാണ് ഒടുക്കുവരുത്തുന്നത് എന്നും 2019-20 ൽ ഈ ഇനത്തിൽ 1,63,600/- ലഭിച്ചു എന്നും അറിയിച്ചു.

## 1-18 ഇടവിളകൃഷി- മാർഗരേഖ പാലിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നം. | 9/20 |
| അടങ്കൽ | 1,00,000 -വി.ഫ |
| ചെലവ് | 10/28.12.19-1,00,000 |
| നിർവഹണം | കൃഷി ഓഫീസർ |

ഒരു യൂണിറ്റിന് ആകെ 600 രൂപ വിലവരുന്ന ചേന, ചേമ്പ്, ഇഞ്ചി, മഞ്ഞൾ വിത്തുകൾ വീതം 150 പേർക്ക് നൽകുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്ത് 9.12.19 ലെ 1(3) തീരുമാനപ്രകാരം അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ സന്ധ്യ, വേലിക്കകം വീട് എന്നയാൾക്ക് 1,00,000 രൂപ നൽകിയിട്ടുണ്ട് .

I) സ.ഉ(കൈ) നം.22/2018/തസ്വഭവ തീയതി 14.2.2018 സബ്സിഡി മാർഗരേഖ പ്രകാരം കൃഷി വകുപ്പ്, ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, സംസ്ഥാന വിത്ത് വികസന അതോറിറ്റി, VFPCK എന്നിവയിൽ നിന്ന് വിത്തുകൾ ലഭ്യമാണോ എന്ന് പരിശോധിച്ച് ലഭ്യമല്ലെങ്കിൽ മാത്രമേ പുറത്ത് നിന്ന് വാങ്ങാൻ പാടുള്ളൂ. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/07.12.2021) ലഭ്യമാക്കിയ മറുപടിയിൽ, മേൽ പറഞ്ഞ സർക്കാർ ഏജൻസികളിൽ നടീൽ വസ്തുക്കൾ ആവശ്യമായ അളവിൽ ലഭ്യമല്ല എന്ന് വാക്കാൽ അറിയിച്ചിരുന്നു എന്നാണ് അറിയിച്ചത്. ആധികാരികമായ രേഖകൾ ഈ വിഷയത്തിൽ ലഭ്യമാക്കിയിട്ടില്ല.

ii) അംഗീകരിച്ച ക്വട്ടേഷൻ പ്രകാരം 99,000 രൂപയാണ് (660 X 150) നൽകേണ്ടത്. എന്നാൽ പ്രോജക്ടിൽ ഉൾപ്പെടുത്താത്ത 1,000 രൂപ കയറ്റിറക്ക് ഇനത്തിൽ ചേർത്ത് 1,00,000 രൂപ നൽകിയിട്ടുണ്ട്.പ്രോജക്ടിൽ വിഭാവനം ചെയ്തതിനേക്കാൾ യൂണിറ്റ് വില 60/-രൂപ വർദ്ധിപ്പിച്ചു.

iii) അംഗീകരിച്ച ക്വട്ടേഷൻ നൽകിയ വ്യക്തിയുമായി വിത്തുകളുടെ വിതരണം, കയറ്റിറക്ക് കൂലി എന്നിവ സംബന്ധിച്ച യാതൊരു കരാറും വച്ചിട്ടില്ല.

iv) വിത്ത് ലഭിച്ച കർഷകർ കൃഷി ചെയ്തിട്ടുണ്ടോ എന്ന് മോണിട്ടറിംഗ് സമിതി പരിശോധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല. നടപടിക്രമങ്ങളിലെ അപാകം,മോണിറ്ററിങ്ങിന്റെ അഭാവം എന്നിവ പ്രോജക്ടിന്റെ ഫലപ്രാപ്തി ഉറപ്പിക്കുന്നതിന് തടസ്സമായിട്ടുണ്ട്.

ഭാവിയിൽ ഇത്തരം പദ്ധതികൾ നടപ്പാക്കുമ്പോൾ മേൽ അപാകതകൾ വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 ലൈഫ് ഭവന പദ്ധതി (പട്ടികജാതി) - ഭവന നിർമാണം പൂർത്തീകരിക്കാൻ ഭരണ സമിതിയുടെ ഇടപെടലുകൾ അനിവാര്യം

നിർവഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ സർക്കിൾ 2

| | |
|---|---|
| പ്രോജക്റ്റ് നം. | 146/20 |
| അടങ്കൽ | 244416 – സംസ്ഥാന വിഹിതം<br>423050 – ബ്ലോക്ക് പഞ്ചായത്ത്<br>152534 – ജില്ലാ പഞ്ചായത്ത്<br>820000 |
| ചെലവ് അലോട്ട്മെന്റ് നം. | 150/15.10.2019-52534 ജില്ലാ പഞ്ചായത്ത്<br>67/1.8.2019-100000ജില്ലാ പഞ്ചായത്ത്<br>35/9.7.2019-380000-ബ്ലോക്ക് പഞ്ചായത്ത്<br>202/28.11.2019-40000ബ്ലോക്ക് പഞ്ചായത്ത്<br>216/2/12/2019/3050ബ്ലോക്ക് പഞ്ചായത്ത്<br>575584 |

2018-19 ൽ ആരംഭിച്ച ഭവനനിർമാണ പദ്ധതി പൂർത്തിയാക്കുന്നതിന് 2019-20ൽ സ്പിൽ ഓവറായി 820000 രൂപയാണ് വകയിരുത്തിയത്. എഗ്രിമെന്റ് വച്ചവരിൽ ചുവടെ കാണിക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തിയാക്കിയിട്ടില്ല.

| ഗുണഭോക്താവ് | ഇതുവരെ ലഭിച്ച തുക | ഇതുവരെ പൂർത്തീകരിച്ച പണി |
|---|---|---|
| രാജി, മലയിൽ വീട് | 300000 | ചുമർ പണി |
| ബേബി, മുള്ളൻചാണിൽ വീട് | 300000 | ചുമർ പണി |
| സരസ്വതി ശശി, പ്ലാവിള വീട് | 360000 | മേൽക്കൂര |
| ബിന്ദു, പ്ലാവിള വീട് | 360000 | മേൽക്കൂര |

മേൽ ഗുണഭോക്താക്കൾ നാളിതു വരെ ഭവനനിർമാണം പൂർത്തിയാക്കാത്തതിന് കാരണം അറിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (31/10.2.21) ലഭ്യമാക്കിയ മറുപടിയിൽ, കരാർ പ്രകാരമുള്ള സമയപരിധി കഴിഞ്ഞതായും എത്രയും വേഗത്തിൽ ഭവന നിർമാണം പൂർത്തീകരിക്കാനും നേരിട്ടും രേഖാമൂലവും ഗുണഭോക്താക്കളോട് ആവശ്യപ്പെട്ടതായി നിർവഹണ ഉദ്യോഗസ്ഥൻ ആവശ്യപ്പെട്ടതായി അറിയിച്ചിട്ടുണ്ട്. രാജി, ബേബി എന്നീ ഗുണഭോക്താക്കളിൽ നിന്നും നൽകിയ തുക റവന്യൂ റിക്കവറി ചെയ്യാൻ രേഖാമൂലം നോട്ടീസ് നൽകിയതായും അറിയിച്ചിട്ടുണ്ട്.

റവന്യൂ റിക്കവറി നടത്തുന്നതിന് മുമ്പായി ഭരണ സമിതിയുടെ നേതൃത്വത്തിൽ മറ്റ് സന്നദ്ധ സംഘടനകളുടെയോ വ്യക്തികളുടേയോ സഹായത്തോടെ മേൽ വ്യക്തികളുടെ ഭവന നിർമാണം പൂർത്തിക്കാനുള്ള ഇടപെടലുകൾ കൂടി നടത്താൻ ശ്രമിക്കേണ്ടതാണ്.

## 1-20 കിണർ റീചാർജിംഗ് - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

നിർവഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ സർക്കിൾ 1

| പ്രോജക്ട് നം. | 63/20 | 133/20 |
|---|---|---|
| അടങ്കൽ | 500000 - വി.ഫ<br>4000 – തനത് ഫണ്ട്<br>72000 - ബ്ലോക്ക് പഞ്ചായത്ത്<br>108000 - ജില്ലാ പഞ്ചായത്ത്<br>112000 - ഗു.വി നേരിട്ട് ചെലവഴിക്കുന്നത്<br>796000 | 756138 - വി.ഫ<br>1400 – തനത് ഫണ്ട്<br>288000 - ബ്ലോക്ക് പഞ്ചായത്ത്<br>432000 - ജില്ലാ പഞ്ചായത്ത്<br>249600 - ഗു.വി നേരിട്ട് ചെലവഴിക്കുന്നത്<br>1727138 |
| ചെലവ് ബിൽ നം, തീയതി | 41/16.3.20 - 43200<br>43/16.3.20 - 36000<br>44/16.3.20 - 36000<br>45/16.3.20 - 43200<br>46/16.3.20 - 43200<br>48/16.3.20 - 43200<br>60/16.3.20 - 43200<br>61/16.3.20 - 43200<br>62/16.3.20 - 43200<br>63/16.3.20 - 43200<br>64/16.3.20 - 43200<br>65/16.3.20 - 43200 | 2/28.6.19-7200<br>49/24.3.20 - 43200<br>50/24.3.20 - 43200<br>51/24.3.20 - 43200<br>52/24.3.20 - 43200<br>53/24.3.20 - 43200<br>54/24.3.20 - 43200<br>55/24.3.20 - 36000<br>56/24.3.20 - 36000<br>57/24.3.20 - 36000<br>58/24.3.20 - 36000<br>59/24.3.20 - 36000<br>66/24.3.20 - 43200<br>67/24.3.20 - 43200<br>68/24.3.20 - 43200<br>69/24.3.20 - 43200<br>70/24.3.20 - 43200<br>71/24.3.23 - 43200<br>705600 |

ഗുണഭോക്താക്കൾ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയ ശേഷം പ്രവൃത്തി പൂർത്തീകരിച്ച് വാല്വേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കി വാല്വേഷന്റെ 90% അല്ലെങ്കിൽ 7200 രൂപ ഏതാണോ കുറവ് ആയത് ഗുണഭോക്താവിന് നൽകുന്നു.

കിണർ റീചാർജിംഗ് പദ്ധതികൾക്കുള്ള ജി.ഓ(സാധാ) നം.2867/2018/തസ്വഭവ തീ.8.11.2018 ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലാ ആസൂത്രണ സമിതി യുടെ 19.2.2020 ലെ പി.എൽ.ജി.1425/2019-20/ഡി.പി.സി/ഡി.പി.ഓ/തിരു. ഉത്തരവ് പ്രകാരം ചെമ്മരുതി പഞ്ചായത്തിലെ കിണർ റീചാർജിംഗ് പ്രവൃത്തികൾ നടപ്പാക്കുന്നതിന് യൂത്ത് മെൻസ് അസോസിയേഷൻ, പനയറ എന്ന സ്ഥാപനത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം,

I) ഗുണഭോക്താക്കൾ, ഗ്രാമപഞ്ചായത്ത്, വൈ.എം.എ എന്നിവർ തേർഡ് പാർട്ടി എഗ്രിമെന്റ് ഒപ്പ് വയ്ക്കേണ്ടതാണ്.

Ii) വൈ.എം.എ ഗ്രാമപഞ്ചായത്തുമായി എഗ്രിമെന്റ് ഒപ്പ് വയ്ക്കേണ്ടതാണ്.

iii) തദ്ദേശസ്വയംഭരണ സ്ഥാപനം കിണർ റീചാർജിംഗ് പദ്ധതികൾ ഏറ്റെടുക്കുമ്പോൾ പരമാവധി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (31/10.12.21) ലഭ്യമാക്കിയ മറുപടിയിൽ അഞ്ഞൂറിലധികം ഗുണഭോക്താക്കൾ ഉള്ളതിനാൽ തേർഡ് പാർട്ടി എഗ്രിമെന്റ് വയ്ക്കാൻ സാധിച്ചില്ല എന്നും വൈ. എം.എ യും ഗ്രാമപഞ്ചായത്തും തമ്മിൽ ഒപ്പിട്ട കരാർ ലഭ്യമാക്കുന്നു എന്ന് അറിയിച്ചെങ്കിലും ലഭ്യമാക്കിയിട്ടില്ല. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്

പദ്ധതി കിണർ റീചാർജിംഗിൽ ഉപയോഗപ്പെടുത്തിയിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്.

ഭാവിയിൽ ഇത്തരം പദ്ധതികൾ മൂന്നാമതൊരു ഏജൻസിയെക്കൊണ്ട് ചെയ്യിക്കുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 ഭവന പുനരുദ്ധാരണം - പ്രവൃത്തി പൂർത്തികരിച്ചിട്ടില്ല,ജാതിസർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമാക്കിയില്ല - 150000 രൂപ തടസ്സം

നിർവഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ സർക്കിൾ 1, വി.ഇ.ഒ സർക്കിൾ 2

| പ്രോജക്റ്റ് നം. | 60/20 | | 21/20 | |
|---|---|---|---|---|
| | ജനറൽ | | പട്ടികജാതി | |
| അടങ്കൽ | 4674850 – D.F GEN<br>1025150 – തനത് ഫണ്ട്<br>5700000 | | 9900000 - SCP | |
| ചെലവ്<br>ബിൽ നം, തീയതി | 4/28.6.19 – 50000 - D.F.<br>7/3.8.19 - 195000- D.F.<br>10/18.9.19 - 420000- D.F.<br>18/5.10.19 - 600000- D.F.<br>21/2.11.19 - 475000 -D.F.<br>25/2.12.19 - 370000- D.F.<br>26/2.12.19 - 200000- D.F.<br>27/2.12.19 - 190000- D.F.<br>28/2.12.19 - 140000- D.F.<br>39/11.12.19 - 270000- D.F.<br>2/4.2.20 - 9850- D.F.<br>290/31.1.20 – 190150 - O.F.<br>293/31.1.20 - 100000- O.F.<br>369/26.2.19 - 79360- O.F.<br>385/2.3.20 - 36400- O.F. | VEO I<br>VEO I<br>VEO I<br>VEO I<br>VEO I<br>VEO I<br>VEO I<br>VEO I<br>VEO I<br>VEO II<br>VEO II<br>VEO II<br>VEO II<br>VEO II<br>VEO II | 8/18.9.19-2250000<br>9/18.9.19 - 900000<br>11/18.9.19 - 100000<br>13/18.9.19 - 825000<br>14/5.10.19 - 550000<br>15/5.10.19 - 675000<br>24/2.11.19 - 393850<br>29/2.12.19 - 297500<br>31/2.12.19 - 300000<br>32/2.12.19 - 250000<br>33/2.12.19 - 275000<br>35/6.12.19 -261000<br>36/6.12.19 -242000<br>37/6.12.19 - 250000<br>38/6.12.19 -225000<br>5/4.2.20 - 369200<br>4/4.2.20 - 150000<br>6/42.20 - 175000<br>10/4.3.20 - 75000<br>11/4.3.20 - 75000<br>9/4.3.20 - 148500<br>13/17.3.20 - 50000<br>20/30.3.20 - 36200 | VEO I<br>VEO I<br>VEO I<br>VEO I<br>VEO I<br>VEO I<br>VEO I<br>VEO I<br>VEO I<br>VEO I<br>VEO I<br>VEO I<br>VEO I<br>VEO I<br>VEO I<br>VEO II<br>VEO II<br>VEO II<br>VEO II<br>VEO II<br>VEO II<br>VEO II<br>VEO II |

1. ജനറൽ

രമണി ചരുവിള ലക്ഷം വീട്, ഗീത നയന വിലാസം എന്നീ ഗുണഭോക്താക്കൾ ഭവന പുനരുദ്ധാരണത്തിനായി 19.8.19 ൽ കരാർ വച്ച് അഡ്വാൻസായി യഥാക്രമം 20000, 50000 രൂപ കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. 2020-21 ,

2021-22വർഷങ്ങളിലും മേൽ ഗുണഭോക്താക്കൾക്ക് തുക വകയിരുത്തിയിരുന്നെങ്കിലും പണി നടത്തിയിട്ടില്ല എന്നാണ് ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയത്.

ഭരണസമിതിയുടെ സഹായത്തോടെ മേൽ ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണം പൂർത്തിയാക്കാനുള്ള ശ്രമങ്ങൾ നടത്തേണ്ടതും തയ്യാറാകാത്ത ഗുണഭോക്താക്കളിൽ നിന്ന് നൽകിയ തുക തിരിച്ച് പിടിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2. എസ്.സി. വിഭാഗം

സുമാംഗി, ചരുവിള പുത്തൻവീട് എന്ന ഗുണഭോക്താവിന് ഭവന പുനരുദ്ധാരണം പദ്ധതി പ്രകാരം പണി പൂർത്തിയാക്കി 150000 രൂപ നൽകിയിട്ടുണ്ട് (ബിൽ നം.8/18.9.19, 36/6.12.19-നിർവഹണം വി.ഇ.ഒ. സർക്കിൾ 1). എന്നാൽ ഈ ഗുണഭോക്താവ് പട്ടികജാതിയിൽ പെട്ടതാണെന്നുള്ള രേഖ ലഭ്യമാക്കിയിട്ടില്ല. ഇതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി ഗുണഭോക്താവിന്റെ ജാതിസർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടുപോയി എന്നാണ് അറിയിച്ചത്. ജാതിസർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമാക്കുന്നതു വരെ ഗുണഭോക്താവിന് നൽകിയ 150000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

3. സ്കീം രജിസ്റ്ററിൽ ഗുണഭോക്താവിന്റെ വിവരവും അനുവദിക്കുന്ന ധനസഹായവും കൃത്യമായി രേഖപ്പെടുത്തുന്നില്ല. ചില ഉദാഹരണം ചുവടെ കൊടുക്കുന്നു.

I) സാവിത്രി. സി .എന്ന ഗുണഭോക്താവിന് ബിൽ നം. 13/18.9.19 പ്രകാരം 75000 രൂപയും 36/ 6.12.19 പ്രകാരം 40000 രൂപയും ധനസഹായം അനുവദിച്ചിട്ടുണ്ട്. 150729 രൂപയുടെ വാല്യേഷൻ സർട്ടിഫിക്കറ്റും പ്രവൃത്തി പൂർത്തിയായതായി മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ടും ഫയലിൽ ഉണ്ട്. ഗുണഭോക്താവിന് എത്ര രൂപയാണ് അനുവദിച്ച് നൽകിയത് എന്ന് രജിസ്റ്ററിൽ വ്യക്തമല്ല.

Ii) രജനി. ടി .പനമൂട്ടിൽ എന്ന ഗുണഭക്താവിന് 152240 രൂപയുടെള്ള വാല്യേഷൻ പ്രകാരം നിർവഹണ ഉദ്യോഗസ്ഥൻ ആകെ 150000 രൂപ നൽകിയശേഷം 75000 രൂപ അധികം തെറ്റായി അനുവദിച്ചിട്ടുണ്ട്. ഇത് ശ്രദ്ധയിൽ പെട്ട ശേഷം ടിയാൾ KL013888563201920M/28.1.20 ചലാൻ പ്രകാരം 75000 രൂപ തിരിച്ചടച്ചിട്ടുണ്ട്. രജിസ്റ്ററിൽ കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്താത്തതാണ് ഇങ്ങനെ അധികം നൽകാൻ ഇടയാക്കിയത്.

ഭാവിയിൽ രജിസ്റ്ററിൽ കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 എ.ബി.സി. പദ്ധതിയുടെ ചെലവ് രേഖകൾ ലഭ്യമാക്കിയില്ല- 1,00,800/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 68/20 |
| പ്രോജക്ടിന്റെ പേര് | എ.ബി.സി. പ്രോഗ്രാം |
| അടങ്കൽ | 100800 - തനത് ഫണ്ട് |
| ചെക്ക് നം, ചെലവ് തുക | 5866479/31.3.20 - 1,00,800 |
| നിർവഹണം | വെറ്റിനറി സർജൻ |

ഗ്രാമപഞ്ചായത്തിലെ അലഞ്ഞു തിരിയുന്ന തെരുവ് നായ്ക്കളെ പിടികൂടി വന്ധ്യംകരണ ശസ്ത്രക്രിയ നടത്തി പിടിച്ച സ്ഥലത്തു തന്നെ തിരിച്ച് വിടുന്നതിനായാണ് പ്രോജക്ട് തയ്യാറാക്കിയത്. 47 തെരുവ് നായ്ക്കൾക്കാണ് പദ്ധതി പ്രകാരം വന്ധ്യംകരണ ശസ്ത്രക്രിയ നടത്തിയിട്ടുള്ളത്. പട്ടിപിടിത്തക്കാർക്കുള്ള കൂലി, വണ്ടി വാടക, ഓപ്പറേഷനുമായി ബന്ധപ്പെട്ട മറ്റ് ചെലവുകൾ, അവർക്കുള്ള ആഹാരം, മരുന്ന് എന്നിവയ്ക്ക് ചെലവാകുന്ന തുക കണ്ടെത്താനാണ് പ്രോജക്ടിൽ തുക വക കൊള്ളിച്ചിട്ടുള്ളത്. ഇതിലേക്കായി നായ ഒന്നിന് 2,100 രൂപ നിരക്കിൽ 48 എണ്ണത്തിന് 1,00,800/- രൂപ വകയിരുത്തി നിർവ്വഹണോദ്യോഗസ്ഥനായ വെറ്ററിനറി സർജൻ തുക മുൻകൂറായി കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓഡിനേറ്റർക്ക് കൈമാറി.

I) 27-08-2016 ലെ 45151/RC3/2014/LSGD നമ്പരായ സർക്കുലറിലെ ഖണ്ഡിക നമ്പർ അഞ്ച് പ്രകാരം എ.ബി.സി പ്രോഗ്രാമിൽ സ്റ്റെറിലൈസേഷൻ, ആന്റി-റാബീസ് വാക്സിനേഷൻ, ആർ.എഫ്.ഡി കോളർ സ്ഥാപിക്കൽ, Deworming, നായയ്ക്ക് അഞ്ച് ദിവസത്തേക്ക് ഭക്ഷണം നൽകൽ, തെരുവിൽ തിരിച്ച് കൊണ്ടു വിടാൻ സുരക്ഷിതമാണെന്ന് സാക്ഷ്യപ്പെടുത്തൽ എന്നിവയെല്ലാം ഉൾക്കൊള്ളുന്നു. എന്നാൽ ഇവ സംബന്ധിച്ച രേഖകൾ ലഭ്യമല്ല.

Ii) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

Iii) സ.ഉ (സാധാ) നം.3247/2016/തസ്വഭവ തീയതി 30-11-2016 പ്രകാരം പരിശീലനം സിദ്ധിച്ച കുടുംബശ്രീ എ.ബി.സി. മൈക്രോ യൂണിറ്റുകളെയാണ് ഇതിനായി നിയോഗിക്കേണ്ടത്. പദ്ധതി നടപ്പിലാക്കാൻ മൈക്രോ യൂണിറ്റുകളെ ചുമതലപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

മേൽ രേഖകളുടെ അഭാവത്തിൽ 1,00,800/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-23 കാലിത്തൊഴുത്ത് നവീകരണം (പട്ടികജാതി)-വാല്യേഷൻ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല-60000 രൂപ തടസ്സം

| | |
|---|---|
| പ്രോജക്ട് നമ്പർ | 55/20 |
| പ്രോജക്ടിന്റെ പേര് | കാലിത്തൊഴുത്ത് നവീകരണം പട്ടികജാതി |
| അടങ്കൽ | 600000 – എസ്.സി.പി.<br>400000 (ഗുണഭോക്തൃ വിഹിതം |

| | |
|---|---|
| | നേരിട്ട് ചെലവഴിക്കുന്നത്)<br>1000000 - ആകെ |
| ചെലവ് | 4/20.12.19 - 60000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

നിലവിൽ കാലിത്തൊഴുത്ത് ഉള്ളവർക്ക് ചാണകക്കുഴിയും മൂത്ര ടാങ്കും നിർമിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

I) സബ്സിഡി മാർഗരേഖ പ്രകാരം കാലിത്തൊഴുത്ത് നിർമാണത്തിന് തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തണം. അതിന് കഴിഞ്ഞില്ലെങ്കിൽ മാത്രമേ ധനസഹായം നൽകാൻ പാടുള്ളൂ. മേൽ പദ്ധതിയുടെ നിർവ്വഹണത്തിന് തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തിയിട്ടില്ല.

Ii) ബേബി കളിയിൽവിള വീട്, സുഭദ്ര പള്ളിയമ്പിൽ വീട് എന്നീ രണ്ട് ഗുണഭോക്താക്കൾക്ക് 30000 രൂപ വീതം ധസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഇവർ പ്രവൃത്തി പൂർത്തീകരിച്ചതായി മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട്, എഞ്ചിനീയർ/ഓവർസിയറുടെ വാല്വേഷൻ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ഇതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (38/13.12.21) ലഭ്യമാക്കിയ മറുപടിയിൽ, തൊഴിലുറപ്പ് പദ്ധതി പ്രകാരം സഹായം ലഭിക്കാതെ പോയ കർഷകർക്ക് വേണ്ടി പഞ്ചായത്ത് ഭരണസമിതി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണിത് എന്നാണ് അറിയിച്ചത്. ഈ മറുപടി വ്യക്തമല്ല. വാല്വേഷൻ റിപ്പോർട്ടില്ലാത്തതിനാൽ രണ്ട് ഗുണഭോക്താക്കൾക്ക് അനുവദിച്ച 60,000 രൂപ തടസ്സത്തിൽ വയ്ക്കുന്നു. ഭാവിയിൽ ഇത്തരം പ്രവൃത്തികൾ നടപ്പാക്കുമ്പോൾ മൺപണികൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 കന്നുകുട്ടി വളർത്തൽ (പട്ടികജാതി)- ബിൽ പ്രകാരവും റസീറ്റ് പ്രകാരവും ഉള്ള തുക തമ്മിൽ പൊരുത്തക്കേട് - 20000 രൂപ തടസ്സത്തിൽ വയ്ക്കുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 58/20 |
| പ്രോജക്ടിന്റെ പേര് | കന്നുകുട്ടി വളർത്തൽ - പട്ടികജാതി |
| അടങ്കൽ | 1,10,000 – എസ്.സി.പി.<br>5000 – തനത് ഫണ്ട്<br>66000 (ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കുന്നത്)<br>181000 - ആകെ |
| ചെലവ് | 3/7.11.19 – 30000/-<br>6/20.12.19 - 30000<br>10/14.2.20 – 30000<br>ആകെ - 90000 |

ഗ്രാമസഭ തെരഞ്ഞെടുക്കുന്ന പട്ടികജാതി ഗുണഭോക്താക്കൾക്ക് 6-8 മാസം പ്രായമുള്ള കന്നുകുട്ടികളെ ലഭ്യമാക്കുന്നതിന് തയ്യാറാക്കിയ പ്രോജക്ടാണ്. ഒരു ഗുണഭോക്താവിന് സബ്സിഡിയായി പരമാവധി 10000 രൂപ കന്നുകുട്ടിയെ വിൽക്കുന്നയാളിന് നൽകുന്നു..

ഗുണഭോക്താക്കൾക്ക് കന്നുകുട്ടിയെ വിറ്റവർക്ക് ബിൽ പ്രകാരം10000 രൂപ വീതം അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്, എന്നാൽ പണം ലഭിച്ച റസീറ്റ് പ്രകാരം 8 പേർക്ക് 8000 രൂപ വീതവും ഒരാൾക്ക് 6000 രൂപയും ആണ് നൽകിയിട്ടുള്ളത്. ഇതിന് വിശദീകരണം നൽകേണ്ടതാണ്.

| ഗുണഭോക്താവ് | കന്നുകുട്ടിയെ വിറ്റയാൾ | റസീറ്റ് പ്രകാരമുള്ള തുക | ബിൽ പ്രകാരം നൽകിയ തുക |
|---|---|---|---|
| വാസന്തി, ചരുവിള വീട് | രഞ്ജിത എസ്, ഉമേഷ് ഭവൻ | 8000 | 10000 |
| മായ, ബിജി ഭവൻ | ഷാനിഫാ ബീവി, പുതുവിള പുത്തൻ വീട് | 8000 | 10000 |
| പ്രസന്ന, ലെനിൻ നിവാസ് | സുധീന്ദ്രൻ, രോഷ്നി, മോസ്ക് ലൈൻ | 8000 | 10000 |

| | | | |
|---|---|---|---|
| നളിനി, മൂലവിള വീട് | ഭാസുരൻ എം, ജീന ഭവൻ | 8000 | 10000 |
| പ്രബിത, തട്ടാതൊടി | സുധ സജീവ്, സജീവ് നിവാസ് | 8000 | 10000 |
| ജോളി, അജിത് ഭവൻ | കുഞ്ഞി, പുത്തൻവിള വീട് | 6000 | 10000 |
| പ്രഭ, ആലുവിള വീട് | പി വിജയൻ, പദ്മ സദനം | 8000 | 10000 |
| ഭാരതി കെ, സരിത ഭവൻ | ഗോകുലദാസ്, വിനോദ് ഭവൻ | 8000 | 10000 |
| ഷീബ, 121 മീമ്പാട്ടുവിള | വിശ്വനാഥൻ ആർ, പാലവിള പുത്തൻ വീട് | 8000 | 10000 |
| | | 70000 | 90000 |

ഇതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി "ക്ലറിക്കൽ എറർ ആണെന്നും അപാകം പരിഹരിച്ച് "എന്നും ആണ് ആയത് അംഗീകരിക്കുന്നില്ല, കന്നുകുട്ടിയെ വിറ്റവർക്ക് നൽകിയതായി രേഖ പ്രകാരവും റസീറ്റ് പ്രകാരവും ഉള്ള തുക തമ്മിലുള്ള പൊരുത്തക്കേട് വിശദീകരിച്ച് ബോധ്യപ്പെടുത്തുന്നതുവരെ വ്യത്യാസമുള്ള 20,000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-25 സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ -വിനിയോഗ വിവരം ലഭ്യമാക്കിയില്ല -ചെലവു തുക 10,23,350 രൂപ തടസ്സപ്പെടുത്തുന്നു.

താഴെ പറയുന്ന പദ്ധതികൾ പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

| പദ്ധതി നമ്പർ | പദ്ധതി | സ്ഥാപനം | ബിൽ നമ്പർ | തുക | ലഭ്യമാക്കേണ്ട രേഖകൾ |
|---|---|---|---|---|---|
| 70/20 | എസ് എസ് എ വിഹിതം | ജില്ലാ പ്രോജക്റ്റ് ഓഫീസർ , എസ് എസ് എ തിരുവനന്തപുരം | ബിൽ നം. 8/22-7-19 | 329250 | വിനിയോഗ , സാക്ഷ്യ പത്രം |
| 79/20 | എസ് എസ് എ വിഹിതം( Scp) | ജില്ലാ പ്രോജക്റ്റ് ഓഫീസർ , എസ് എസ് എ തിരുവനന്തപുരം | ബിൽ നം. 4/22-7-19 | 560940 | വിനിയോഗ സാക്ഷ്യ പത്രം |
| 35/20 | ഐ കെ എം വിഹിതം നൽകൽ | ഐ കെ എം വിഹിതം | ബിൽ നം. 10/22-7-19 | 133160 | വിനിയോഗ സാക്ഷ്യപത്രം |
| ആകെ തുക | | | | 1023350 | |

പരാമർശ പ്രകാരമുള്ള രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നതു വരെക്കും ചെലവ് തുക 10,23,350 തടസ്സപ്പെടുത്തുന്നു.

1-26 വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല -ചെലവു തുക 2834000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

(1)

| | |
|---|---|
| പ്രോജക്റ്റ് നം | 81/20 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ |
| അടങ്കൽ | 2154000 |
| ചെലവ് | 2154000 |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ഓഡിറ്റ് എൻക്വയറി നം | 12 |
| ബിൽ നം | 26/25-10-19-2146000 |
| ബിൽ നം | 32 /13-1-20-8000 |

പദ്ധതി പ്രകാരം പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനായും അങ്കണവാടികളിലേക്ക് കുടിവെള്ള കണക്ഷൻ എടുക്കുന്നതിനായും യഥാക്രമം ഒന്ന് രണ്ട് ബില്ലുകൾ പ്രകാരം തുക വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. സർക്കാർ ഉത്തരവ് നം 11/18 തിയ്യതി 14-2-18 പ്രകാരം നിഷ്കർഷിക്കുന്ന തരത്തിൽ വാട്ടർ അതോറിറ്റിയുമായി കരാറിൽ ഏർപ്പെടാതെയാണ് തുക കൈമാറിയിരിക്കുന്നത്. 14-10-19 ലെ കത്ത് പ്രകാരം പദ്ധതിക്കുള്ള തുക 57034854429 എന്ന അക്കൌണ്ടിലേക്ക് കൈമാറാനാണ് വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടിരുന്നത്, എന്നാൽ 67151483085 എന്ന അക്കൌണ്ടിലേക്കാണ് തുക കൈമാറിയത് . ടി അക്കൌണ്ട് നോൺ ഓപ്പറേറ്റീവ് ആണെന്ന് എന്ന് എക്സിക്യൂട്ടിവ് എൻജിനീയർ അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ തുക ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് ക്രമീകരിച്ചതായും 30-10-20 ലെ സ്റ്റിയറിംഗ് കമ്മറ്റി തീരുമാനപ്രകാരം പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പ്രവർത്തി നടപ്പിലാക്കാത്തതിനാൽ ടി തുക ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ചെലവു ചെയ്യാൻ തീരുമാനിച്ചിട്ടുള്ളതായും അറിയിച്ചിട്ടുണ്ട് . ബിൽ നം 2 പ്രകാരം അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ ലഭിക്കുന്നതിനായി ചെലവഴിച്ച തുകയുടെ വിനിയോഗ വിവരവും ലഭ്യമാക്കിയിട്ടില്ല. മുഴുവൻ തുകക്കുമുള്ള നിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കുന്നതു വരെ ചെലവു തുക 21,54,000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

(2)

| | |
|---|---|
| പ്രോജക്റ്റ് നം. | 135/20 |
| പ്രോജക്ടിന്റെ പേര് | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - വാട്ടർ അതോറിറ്റി |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| അടങ്കൽ | 6,80,000 |
| ചെലവ് | 6,80,000 |
| ബിൽ നം. | 7/28-6-19 |

മേൽ പദ്ധതി പ്രകാരമുള്ള ചെലവിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. തുക 680000/-തടസ്സത്തിൽ വക്കുന്നു.

## 1-27 ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തി - വിനിയോഗ വിവരം ലഭ്യമല്ല - 6,38,712 തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നം | 101/20 |
| പ്രോജക്ടിന്റെ പേര് | സ്ട്രീറ്റ്മെയിൻ ദീർഘിപ്പിക്കൽ |
| അടങ്കൽ | 2094600 |
| ചെലവ് | 874653 |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |

| | |
|---|---|
| ഓഡിറ്റ് എൻക്വയറി നം | 12 |

പദ്ധതി പ്രകാരം താഴെ പറയുന്ന വാർഡുകളിലെ സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ എന്ന പ്രവർത്തിക്കായി കെ എസ് ഇ ബിക്ക് തുക നൽകിയിട്ടുണ്ട്. പദ്ധതികൾ പരിശോധിച്ചതിൽ താഴെ പറയുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല

| വാർഡ് നം | ബിൽ നം | തുക | ലഭ്യമാക്കേണ്ട രേഖ |
|---|---|---|---|
| 6 | 22/19-10-19 | 99987 | കെ എസ് ഇ ബിയുമായി ഏർപ്പെട്ട കരാർ, തുകയുടെ വിനിയോഗം, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം |
| 1,2,4 ,17 | 24 /25-10-19 | 398840 | കെ എസ് ഇ ബിയുമായി ഏർപ്പെട്ട കരാർ, തുകയുടെ വിനിയോഗം, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം |
| 10 | 37 /18-1-20 | 96152 | കെ എസ് ഇ ബിയുമായി ഏർപ്പെട്ട കരാർ, തുകയുടെ വിനിയോഗം, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം |
| 11 | 36 /18-1-20 | 43733 | കെ എസ് ഇ ബിയുമായി ഏർപ്പെട്ട കരാർ, തുകയുടെ വിനിയോഗം, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം |
| ആകെ തുക | | 638712 | |

പരാമർശ പ്രകാരമുള്ള രേഖകൾ ലഭ്യമാക്കും വരെക്കും ചെലവു തുക 6,38,712 രൂപ തടസ്സത്തിൽ വക്കുന്നു.

## 1-28 കമ്പ്യൂട്ടറുകളടെയും അനുബന്ധ ഉപകരണങ്ങളുടെയും പർച്ചെയ്സ് -അപാകങ്ങൾ-ചെലവുതുക 95085 രൂപ തടസ്സപ്പെടുത്തുന്നു .

| | |
|---|---|
| പ്രോജക്റ്റ് നം | 149/ 20 |
| പ്രോജക്റ്റിന്റെ പേര് | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ മറ്റ് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | 480000 |
| ചെലവ് | 419085 |
| ഫണ്ടിനം | തനത് ഫണ്ട് |
| വൗച്ചർ നമ്പർ | 21900315/ 7-8-19 തുക 324000<br>21900521 / 12-11-19 തുക 95085 |

പ്രോജക്റ്റ് നം.149/20 പ്രകാരം പ്രഫോർമ ഇൻവോയ്സ് നം TVM /ITBG/P1/RC/10985/17-18 DT 8-11-19 ന്റെ അടിസ്ഥാനത്തിൽ രണ്ട് പ്രിന്ററുകളുടെ വിലയായ 95085 രൂപ വൗച്ചർ നമ്പർ 219000521/12.11.19 മുഖേന കെൽട്രോണിന് നൽകിയിട്ടുണ്ട്. പ്രിന്റർ ലഭ്യമായതിന്റെ ടാക്സ് ഇൻവോയ്സ്, സ്റ്റോക്ക് വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാകുന്ന സാഹചര്യത്തിൽ 95085 രൂപ തടസ്സത്തിൽ വക്കുന്നു. പർച്ചേസ് സംബന്ധിച്ച എല്ലാ രേഖകളും അടിയന്തിരമായി ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-29 ജിയോ ടാഗിംഗ് വിവരങ്ങൾ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്റ്റ് നം | 194/20 |
| പ്രോജക്റ്റിന്റെ പേര് | കമ്മ്യൂണിറ്റി സോക്ക് പിറ്റ് നിർമ്മാണം |
| അടങ്കൽ | 30000 |
| ചെലവ് | 29850 |

| | |
|---|---|
| ഫണ്ടിനം | കേന്ദ്രാവിഷ്കൃത ഗ്രാന്റ് |

സ്വച്ചതാ ദർപ്പൺ പദ്ധതിയുടെ ഭാഗമായി ശുചിത്വ മിഷന്റെ 16-7-19 ലെ 410/ ഡി/ എസ് എം /റ്റി വി പി /2018 കത്തിന്റെ അടിസ്ഥാനത്തിൽ കമ്മ്യൂണിറ്റി കമ്പോസ്റ്റ് പിറ്റ്, സോക്ക് പിറ്റ് എന്നിവക്കായി 29850 രൂപ എ ഇ യുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ കരാറുകാരന് നൽകിയിട്ടുണ്ട് . മേൽ കത്ത് പ്രകാരം ടി നിർമ്മാണം 31-7-19 നകം ജിയോ ടാഗിംഗ് നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നതാണ് .കോവൂർ എ എം എൽ പി എസിൽ നിർമ്മിച്ച പിറ്റുകൾ ജിയോ ടാഗിംഗ് നടത്തിയതിന്റെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.44) മറുപടി നൽകിയിട്ടില്ല . ജിയോ ടാഗിംഗ് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് .

## 1-30 പദ്ധതി രൂപീകരണം ചെലവു രേഖകൾ ലഭ്യമാക്കിയില്ല - 1,14,942 രൂപ തടസ്സപ്പെടുത്തുന്നു .

| | |
|---|---|
| പ്രോജക്റ്റ് നം | 84/20 |
| പ്രോജക്റ്റിന്റെ പേര് | പദ്ധതി രൂപീകരണം മോണിറ്ററിംഗ് |
| അടങ്കൽ | 253993 |
| ചെലവ് | 114942 |
| ഫണ്ടിനം | വികസന ഫണ്ട് , തനത് ഫണ്ട് |
| ഓഡിറ്റ് എൻക്വയറി നം | 44 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പദ്ധതി രൂപീകരണം എന്ന മേൽ പ്രോജക്റ്റിന്റെ ഫയലിൽ പദ്ധതി, അനുബന്ധ ചെലവു രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല . ആയത് ലഭ്യമാക്കും വരെക്കും ചെലവു തുക 1,14,942 രൂപ തടസ്സത്തിൽവക്കുന്നു .

## 1-31 ടെണ്ടർ കിഴിവ് പരിഗണിക്കാതെ തുക അനുവദിക്കൽ- അധികം നൽകിയ തുക- 23,250/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം | 14/20(so) |
| പ്രോജക്റ്റിന്റെ പേര് | ഇന്റർകോം സ്ഥാപിക്കലും നെറ്റ് വർക്കിംഗും |
| അടങ്കൽ | 150000 |
| ചെലവ് | 141949 |
| ഫണ്ടിനം | വികസന ഫണ്ട് , തനത് ഫണ്ട് |
| ഓഡിറ്റ് എൻക്വയറി നം | 44 |
| വൗച്ചർ നം | 2190023/15-11-19 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഐ എസ് ഒ സർട്ടിഫിക്കേഷന്റെ ഭാഗമായി പഞ്ചായത്ത് ഒഫീസിലെ കമ്പ്യൂട്ടർ സംവിധാനം കാര്യക്ഷമമാക്കലും ഇന്റർകോം സ്ഥാപിക്കലും പ്രവർത്തി, ടെണ്ടർ ക്ഷണിച്ച് നടത്തിയതിൽ കുറവ് നിരക്ക് ക്വാട്ട് ചെയ്ത ( 15.5 % Below Estimate) സുരേഷ് ടി എന്നവർക്ക് തുക അനുവദിച്ച് നൽകിയിട്ടുണ്ട്. മേൽ വൗച്ചർ പ്രകാരം തുക അനുവദിച്ചതിൽ ടെണ്ടർ കുറവായ 23,250 രൂപ കുറവ് ചെയ്യാതെയാണ് തുക അനുവദിച്ചത് .

അധികം അനുവദിച്ച 23,250/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കി അടവാക്കി രേഖകൾ സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്. തുക ഈടാക്കുന്നതുവരെ 23,250/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-32 സാന്ത്വന ചികിൽസ- മാർഗ്ഗരേഖ നിർദ്ദേശങ്ങൽ പാലിക്കാതെ തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്റ്റ് നം | 111/20(so) |
| പ്രോജക്റ്റിന്റെ പേര് | സാന്ത്വന ചികിൽസ |
| അടങ്കൽ | 1683233 |
| ചെലവ് | 1681762 |
| ഫണ്ടിനം | വികസന ഫണ്ട്, ബ്ലോക്ക് വിഹിതം, മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |
| ഓഡിറ്റ് എൻക്വയറി നം | 40 |
| വൗച്ചർ നം | 2190023/15-11-19 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (എഫ് എച്ച് സി) |

പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു .

A. പദ്ധതിയിലുൾപ്പെടുത്തി പി എച്ച് സിയിലെ ഫിസിയോതെറാപ്പിസ്റ്റായ അഷിത എന്നവർക്ക് വേതന ഇനത്തിൽ 216454 രൂപ അനുവദിച്ചിട്ടുണ്ട് . പാലിയേറ്റിവ് കെയർ മാർഗ്ഗ രേഖ സ ഉ (സാധാ) നം 553/2019 തി 7-3-19 നം ഉത്തരവ് ഖണ്ഡിക 14-3 പ്രകാരം ഒരുമാസം കുറഞ്ഞത് ഒരു ദിവസം ഗൃഹ സന്ദർശനം നടത്തണമെന്ന വ്യവസ്ഥക്ക് വിധേയമായി ഒരു വർഷത്തിൽ പരമാവധി 20 ദിവസത്തെ സേവനം ഉപയോഗപ്പെടുത്തി ദിവസ വേതനം നൽകാവുന്നതാണെന്നും സേവനം നൽകിയ ഒരു ദിവസത്തിന് 800 രൂപ നിരക്കിൽ ദിവസ വേതനം പാലീയേറ്റീവ് പ്രോജക്റ്റിൽ നിന്നും നൽകാവുന്നതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി പ്രകാരം താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട് .

| മാസം | തുക |
|---|---|
| 4/19 ,6/19 . 7/19/ , 9/19, 10 /19 ,11 /19 ,12 /19 ,1 /20 , | 20000*8=160000 |
| 5/19 , | 18000 |
| 2/20 | 17244 |
| 8/19 | 21210 |
| ആകെ | 216454 |

മാർഗ്ഗരേഖയിൽനിന്നും വിഭിന്നമായി തുക അനുവദിക്കാൻ കാരണം ആരാഞ്ഞ് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല . ഫിസിയോ തെറാപ്പിസ്റ്റുമായി ചമച്ച കരാർ, ടി ജീവനക്കാരുടെ യോഗ്യത, അറ്റന്റൻസ് എന്നിവ ലഭ്യമാക്കിയിട്ടില്ല .

B. മേൽ ഉത്തരവ് ഖണ്ഡിക 2-14-2 പ്രകാരം പാലിയേറ്റീവ് കെയറിന്റെ ചുമതലയുള്ള മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമുള്ള രോഗികൾക്കായിരിക്കണം സേവനം നൽകേണ്ടതെന്ന് എന്ന് നിഷ്കർഷിച്ചിട്ടുണ്ട് .എന്നാൽ അപ്രകാരമുള്ള ലിസ്റ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

C . ഹോം കെയർ റിപ്പോർട്ട് മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല .

D .പാലിയേറ്റീവ് പരിചരണത്തിനായി ഉപയോഗിക്കുന്ന വാഹനത്തിന്റെ ലോഗ് ബുക്കിൽ പ്രതിമാസ സംക്ഷിപ്തം, ഇന്ധനം നിറക്കുന്നതിന്റെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല .

E.താഴെ ചേർക്കുന്ന വൌച്ചറുകൾ പ്രകാരം ഹാന്റ് ലൂം ഡവലപ്മെന്റ് കോർപ്പറേഷൻ തുക അനുവദിട്ടിട്ടുണ്ട് . ആയത് ഏതിനത്തിലെ ചെലവാണെന്ന് വ്യക്തമല്ല .

| വൗച്ചർ/ബിൽ നം | തുക |
|---|---|
| 21900515/11-11-19 | 20000 |
| 18 /17-10-19 | 10000 |

F . വൗച്ചർ നം 21901164 /31-3-20 പ്രകാരം 10000 രൂപ അബ്ദുൾ അമീൻ എന്നിവർക്ക് അനുവദിച്ചിട്ടുണ്ട് . ചെലവുകൾക്കാധാരമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല .

അപാകതകൾക്ക് തൃപ്തികരമായ മറുപടി ലഭ്യമാക്കുന്നതു വരെ ചെലവു തുകയായ 256454 രൂപ തടസ്സത്തിൽ വക്കുന്നു

## 1-33 കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ -സ്റ്റോക്ക് വിവരം ലഭ്യമല്ല ചെലവു തുക 40469 രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നം | 120/20 |
| പ്രോജക്റ്റിന്റെ പേര് | കുടുംബാരോഗ്യ കേന്ദ്രത്തിന് ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | 1216767 |
| ചെലവ് | 390053 |
| ഫണ്ടിനം | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |
| ഓഡിറ്റ് എൻക്വയറി നം | 44 |
| ബിൽ നം | 31/31-3-20 തുക -40469 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ |

പ്രഫോർമ ഇൻവോയ്സ് നം TVM /ITBG/P1/RC/116937/17-18 DT 11-3-20 പ്രകാരം രണ്ട് പ്രിന്ററുകളുടെ വിലയായ രൂപ 40469കെൽട്രോണിന് നൽകിയിട്ടുണ്ട് . പ്രിന്റർ ലഭ്യമായതിന്റെ ടാക്സ് ഇൻവോയ്സ്, സ്റ്റോക്ക് വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. ആയത് വരെക്കും ചെലവുതുക 40,469 രൂപ തടസ്സത്തിൽ വക്കുന്നു .

## 1-34 തുക പിൻവലിച്ച ട്രഷറി ബില്ലുകളുടെ വിവരം ലഭ്യമല്ല - 95257 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു ത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നം | 177/20 |
| പ്രോജക്റ്റിന്റെ പേര് | കുടുംബാരോഗ്യ കേന്ദ്രത്തിന് ഫർണ്ണീച്ചർ വാങ്ങൽ |

| | |
|---|---|
| അടങ്കൽ | 495000 |
| ചെലവ് | 95257 |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ഓഡിറ്റ് എൻക്വയറി നം | 44 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ |

പദ്ധതി പ്രകാരം ഓഡിറ്റ് വർഷം 95,257 രൂപ ചെലവുണ്ട് .ടി തുക ഏത് ബിൽ പ്രകാരമാണ് പിൻവലിച്ചതെന്നോ ഏതിനം സപ്ലൈ, ചെയ്ത വ്യക്തിക്കാണ് നൽകിയതെന്നോ, ആയതിന്റെ സ്റ്റോക്ക് എൻട്രിയുടെ വിവരമോ ലഭ്യമാക്കിയിട്ടില്ല. ടി വിവരം ലഭ്യമാക്കുന്നതു വരേക്കും ചെലവു തുക 95257 രൂപ തടസ്സത്തിൽ വയ്ക്കുന്നു .

| | |
|---|---|
| പ്രോജക്റ്റ് നം | 115/20 |
| പ്രോജക്റ്റിന്റെ പേര് | കുടുംബാരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ |
| അടങ്കൽ | 750000 |
| ചെലവ് | 750000 |
| ഫണ്ടിനം | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |
| ഓഡിറ്റ് എൻക്വയറി നം | 44 |

പദ്ധതി പ്രകാരം 368740 രൂപ മരുന്ന് വാങ്ങുന്നതിനായി ഇൻ ഹൌസ് ഡ്രഗ് ബാങ്കിന് നല്കുകയും മരുന്ന് ലഭ്യമാകുകയും ചെയ്തിട്ടുണ്ട് .എന്നാൽ ടി തുക ഏതു ട്രഷറി ബിൽ പ്രകാരമാണ് പിൻവലിച്ചതെന്നുള്ള വിവരം ലഭ്യമല്ല .
ടി വിവരം ലഭ്യമാക്കേണ്ടതാണ് .

## 1-35 പാഥേയം - വിനിയോഗസാക്ഷ്യപത്രം ലഭമാക്കിയില്ല. 3,24,620/-രൂപ തടസ്സപ്പെടുത്തുന്നു

അസിസ്റ്റന്റ് സെക്രട്ടറി 2019-20ൽ നടപ്പാക്കിയ പാഥേയം എന്ന പദ്ധതി നടപ്പാക്കുന്നതിനായി തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന് 324620/-രൂപ കൈമാറിയിരുന്നു. എന്നാൽ പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കിയില്ല,

| ക്രമ നം | പ്രോജക്റ്റ് | അടങ്കൽതുക | ഫണ്ടിനം | ബിൽ നമ്പർ, തീയതി | ചെലവുതുക |
|---|---|---|---|---|---|
| 1 | പാഥേയം(20/20) | 74460 | വി.ഫ.പൊതുവിഭാഗം | 18/19-20, 11.11.19 | 74,460 |
| 2 | പാഥേയം(23/20) | 322560 | വി.ഫ.എസ്.സി.പി. | 19/19-20, 11.11.19 | 2,49,660 |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.32) പദ്ധതിയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യ പത്രം ലഭ്യമാക്കുന്നതു വരെ ചെലവുതുകയായ 3,24,620/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-36 കിണർ റീചാർജിംഗ് ജില്ലാ ആസൂത്രണ സമിതിയുടെ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല.

| | |
|---|---|
| പ്രോജക്റ്റ് | കിണർ റീചാർജിംഗ് (27/20) |
| അടങ്കൽ തുക | 200000/-(വി.ഫ.എസ്.സി.പി.) |
| ചെലവു തുക | 160000/- |

അസിസ്റ്റന്റ് സെക്രട്ടറ 2019-20ൽ നടപ്പാക്കിയ കിണർ റീചാർജിംഗ് എന്ന പ്രവൃത്തി നടപ്പാക്കിയപ്പോൾ ജില്ലാ ആസൂത്രണ സമിതിയുടെ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല.

കിണർ റീചാർജിംഗ് പദ്ധതികൾക്കുള്ള ജി.ഓ(സാധാ) നം.2867/2018/തസ്വഭവ തീ.8.11.2018 ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലാ ആസൂത്രണ സമിതി യുടെ 19.2.2020 ലെ പി.എൽ.ജി.1425/2019-20/ഡി.പി.സി/ഡി.പി.ഓ/തിരു. ഉത്തരവ് പ്രകാരം ചെമ്മരുതി പഞ്ചായത്തിലെ കിണർ റീചാർജിംഗ് പ്രവൃത്തികൾ നടപ്പാക്കുന്നതിന് യൂത്ത് മെൻസ് അസോസിയേഷൻ (വൈ.എം.എ), പനയറ എന്ന സ്ഥാപനത്തെ ചുവടെ പറയുന്ന നിബന്ധനകളോടെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

I) ഗുണഭോക്താക്കൾ, ഗ്രാമപഞ്ചായത്ത്, വൈ.എം.എ എന്നിവർ ചേർന്നുള്ള തേർഡ് പാർട്ടി എഗ്രിമെന്റിൽ ഏർപ്പെടേണ്ടതാണ്.

Ii) വൈ.എം.എ ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.

iii) തദ്ദേശസ്വയംഭരണ സ്ഥാപനം കിണർ റീചാർജിംഗ് പദ്ധതികൾ ഏറ്റെടുക്കുമ്പോൾ പരമാവധി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പാക്കേണ്ടതാണ്.

എന്നാൽ ഫയൽ പരിശോധിച്ചതിൽ മേൽ ഉത്തരവിലെ മൂന്ന് നിബന്ധനകളും പാലിച്ചിട്ടില്ല എന്നു കാണുന്നു. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (32) ഭാവിയിൽ ഇപ്രകാരമുള്ള ന്യൂനതകൾ ഒഴിവാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-37 അഗതിരഹിത കേരളം പദ്ധതി ലക്ഷ്യം കൈവരിരിച്ചില്ല. ചെലവുതുക 4,50,000/- തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റുകൾ | 61/20, ഭവന പുനരുദ്ധാരണം (അഗതി രഹിത കേരളം)<br>91/20, ഭവന പുനരുദ്ധാരണം (അഗതി രഹിത കേരളം) |
| അടങ്കൽ തുക | 300000/-(വി.ഫ.പൊതുവിഭാഗം)<br>150000/-(വി.ഫ.എസ്.സി.പി.) |
| ചെലവു തുക | 450000/- |
| ബിൽ നമ്പർ, തുക | 45/19-20 തീ.31.03.20, 300000/-<br>41/19-20 തീ.31.03.20, 150000/- |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതികൾ പ്രകാരം ആകെ 450000/- രൂപ 2019-20 ൽ കുടുംബശ്രീ സി.ഡി.എസിന് കൈമാറിയിട്ടുണ്ട്.

ലഭ്യമാക്കിയ രേഖകൾ പ്രകാരം 3,47,105/- രൂപ ചെലവഴിച്ചതായി കാണുന്നു. അതിൽ രണ്ട് ഗുണഭോക്താക്കൾ അഡ്വാൻസ് തുകയായ 75000/- രൂപ മാത്രം കൈപ്പറ്റിയതായും കാണുന്നു. ഇതു വരെയും പദ്ധതി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം കുടുംബശ്രീയിൽ നിന്നും ലഭ്യമാക്കിയിട്ടില്ല എന്ന് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 32)മറുപടി നൽകിയിട്ടുണ്ട്.

പദ്ധതി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭിക്കുന്നതുവരെ ചെലവുതുകയായ 450000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-38 ബഡ്സ് സ്കൂൾ ഉപകരണങ്ങൾ വാങ്ങലും പ്രവർത്തനം മെച്ചപ്പെടുത്തലും - ന്യൂനതകൾ

ബഡ്സ് സ്കൂൾ ഉപകരണങ്ങൾ വാങ്ങലും പ്രവർത്തനം മെച്ചപ്പെടുത്തലും (123/20) എന്ന പദ്ധതി പ്രകാരം ബഡ്സ് സ്കൂൾ ജീവനക്കാർക്ക് വേതനം, ബഡ്സ് സ്കൂളിലേയ്ക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങുക, വാഹനം വാടകയ്ക്കെടുക്കുക തുടങ്ങിയവയായിരുന്നു പദ്ധതിയുടെ ലക്ഷ്യം. ഫയൽ പരിശോധിച്ചതിൽ ചുവടെ പറയുന്ന ന്യൂനതകൾശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1)2018-19ലെ ക്വട്ടേഷൻ പ്രകാരമാണ് വാഹനം വാടകയ്ക്കെടുത്തത്. ബഡ്സ് സ്കൂൾ വാടകയ്ക്കെടുത്ത വാഹനത്തിന്റെ ക്വട്ടേഷൻരേഖകൾ(2018-19)പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

2) വാടകയ്ക്കെടുത്ത വാഹനമായ KL01AS746 ടാക്സി പെർമിറ്റ് ലഭ്യമായിട്ടില്ല. പഞ്ചായത്ത് 22.10.19ലെ എ.എസ്./2241/19ാം നമ്പർ കത്തു പ്രകാരം ആയത് വാഹന ഉടമയായ ശ്രീ.സുമിത് നോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമാക്കിയില്ല.

3)വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

4) ബഡ്സ് സ്കൂൾ ജീവനക്കാരുടെ അറ്റൻഡൻസ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. അറ്റൻഡൻസ് രജിസ്റ്ററിന്റെ

അഭാവത്തിൽ പ്രസ്തുത ജീനവക്കാർക്ക് നൽകിയ വേതനത്തിന്റെ ആധികാരികത പരിശോധിയ്ക്കുവാൻകഴിഞ്ഞിട്ടില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ്എൻക്വയറിക്ക് (നം. 39/13.12.21) 2018-19 ൽ ഐ.സി.ഡി.എസ് സൂപ്പർവൈസറാണ് പ്രസ്തുത പ്രോജക്റ്റ് നിർവ്വഹണം നടത്തിയത് എന്നും ക്വട്ടേഷൻ ഫയൽ, ജീവനക്കാരുടെ അറ്റൻഡൻസ് രജിസ്റ്റർ എന്നിവ അടിയന്തിരമായി പരിശോധനയ്ക്ക് ഹാജരാക്കുന്നതാണ് എന്നും വാഹനത്തിന്റെ ടാക്സി പെർമിറ്റ് ലഭ്യമാക്കു-

ന്നതിനായി വാഹന ഉടമയ്ക്ക് കത്ത് നൽകിയിട്ടുണ്ട് എന്നും അറിയിച്ചു. കൂടാതെ വാഹനത്തിന്റെ ലോഗ് ബുക്ക് നിലവിൽ എഴുതി സൂക്ഷിക്കുന്നില്ലെന്നും ഇനി മുതൽഎഴുതി സൂക്ഷിക്കുന്നതാണെന്നും അറിയിച്ചു. മേൽ രേഖകൾ അടിയന്തിരമായി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-39 അസിസ്റ്റന്റ് എഞ്ചിനീയർ ഭൂരിഭാഗം പദ്ധതികളും നടപ്പാക്കിയില്ല.

അസി.എഞ്ചിനീയർ എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായി 2019-20ൽഅംഗീകാരം
ലഭിച്ച 78പ്രോജക്ടുകളിൽ 34 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്. ഇതിൽ 29 പ്രോജക്ടുകൾ മാത്രമാണ് പൂർത്തീകരിക്കാനായത് (സുലേഖ ചെലവു പത്രിക പ്രകാരം).

5പ്രോജക്ടുകൾ ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. ആകെ വകയിരുത്തിയ 3,70,24,526/-രൂപയിൽ1,17,26,356/-രൂപ മാത്രമാണ് ചെലവഴിക്കാനായത്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.1/03.12.2021) ലഭ്യമാക്കിയ മറുപടിയിൽ

ഭൂരിഭാഗം പ്രോജക്ടുകളും സാമ്പത്തിക വർഷം നടപ്പിലായതാണെന്നും ഫണ്ട് ലഭ്യത കുറവ് കാരണം എക്സ്പെൻഡിച്ചർ ആക്കാൻ സാധിച്ചില്ല എന്നും മാർച്ച് മാസം അവസാനം ഏർപ്പെടുത്തിയ ലോക്ഡൗൺ കാരണം സാങ്കേതിക തടസ്സം നേരിട്ടതിനാലാണ് പല പ്രോജക്ടുകളും നടപ്പിലാക്കാൻ സാധിക്കാത്തത് എന്നും അറിയിച്ചു. കൂടാതെ സൈറ്റിൽ തർക്കം നിലനിൽക്കുന്നതു കാരണവും കരാറുകാർ പ്രവൃത്തികൾ ഏറ്റെടുക്കാത്തതു കാരണവും പ്രദേശവാസികളുടെ എതിർപ്പുകാരണവും ഏതാനും പ്രോജക്ടുകൾ നടപ്പാക്കാൻ കഴിഞ്ഞില്ല എന്നും അറിയിച്ചു. ഭാവിയിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ സ്ഥലപരിശോധന നടത്തി ശരിയായ എസ്റ്റിമറ്റുകൾ തയ്യാറാക്കേണ്ടതും ഏറ്റെടുക്കുന്ന പ്രവൃത്തികൾസമയബന്ധിതമായി പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-40 പൊതു മാർക്കറ്റുകളിൽ ശൗചാലയം നിർമ്മാണം-പദ്ധതി നടപ്പാക്കിയത് സ്കൂളുകളിൽ

| | |
|---|---|
| പ്രവൃത്തിയുടെ പേര്, പ്രോജക്റ്റ് നമ്പർ | ചാവടിമുക്ക് മുട്ടപ്പലം പൊതു മാർക്കറ്റുകളിൽ ശൗചാലയം നിർമ്മാണം (165/20) |
| നടപ്പാക്കിയ പ്രോജക്റ്റ് | സ്കൂളുകളിൽ ശൗചാലയം നിർമ്മാണം എന്ന പ്രോജക്റ്റിൽ (195/20 |
| അടങ്കൽ തുക | 850000/- |
| ഫണ്ടിനം | കേന്ദ്രാവിഷ്കൃത ഫണ്ട് |
| ചെലവു തുക | 3,94,721/-(2019-20) |

2019-20 ലെ അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ പരിശോധിച്ചതിൽ സ്കൂളുകളിൽ ശൗചാലയം നിർമ്മാണം എന്ന പ്രോജക്റ്റിൽ 3,94,721/-രൂപ 2019-20 ൽ പാർട്ട് ബില്ലായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ പ്രോജക്റ്റ് ഫയൽ ചാവടി മുക്ക് മുട്ടപ്പലം പൊതു മാർക്കറ്റുകളിൽ ശൗചാലയം നിർമ്മാണം ആണ്. ചാവടിമുക്ക് മുട്ടപ്പലം പൊതു മാർക്കറ്റുകളിൽ ശൗചാലയം നിർമ്മാണം എന്ന പ്രോജക്റ്റ് ക്യാൻസൽ ചെയ്യാതെ അതേ പേരിൽ പുതുക്കി സ്കൂളുകളിൽ നിർവ്വഹണം നടത്തിയിരിക്കുന്നു.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 29/09.12.2021) ലഭ്യമാക്കിയ മറുപടിയിൽ ചാവടിമുക്ക് മുട്ടപ്പലം പൊതു മാർക്കറ്റുകളിൽ ശൗചാലയം നിർമ്മാണം എന്ന പദ്ധതി പ്രാദേശികമായ എതിർപ്പുകൾ കാരണം 09.08.2019 ലെ 2(1) ജനറൽ കമ്മിറ്റി തീരുമാനപ്രകാരം സ്കൂളുകളിൽ ശൗചാലയം നിർമ്മിക്കാൻ തീരുമാനിക്കുകയുണ്ടായി എന്നും പൊതു മാർക്കറ്റുകളിൽ ശൗചാലയം എന്ന പദ്ധതിയുടെ ഭാഗമായി ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും കരാറിൽ ഏർപ്പെടുകയും ചെയ്തതിനാൽ അതേ പേരിൽ തന്നെ പ്രസ്തുത പദ്ധതി തുടർന്ന് പോകുകയായിരുന്നുവെന്നും നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. എന്നാൽ ഡി.പി.സി. അംഗീകൃത പ്രോജക്റ്റിൽ മാറ്റം വരുത്തി കമ്മിറ്റി സ്വമേധയാ തീരുമാനം എടുത്തത് അംഗീകരിക്കാൻ കഴിയില്ല. ഭാവിയിൽ ഇപ്രകാരമുള്ള ന്യൂനതകൾ ഒഴിവാക്കാൻ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും നിർവ്വഹണോദ്യോഗസ്ഥനും ശ്രദ്ധിക്കേണ്ടതാണ്.

## 1-41 നികുതികൾ ഈടാക്കി ബാക്കി തുക കരാറുകാരന് നൽകേണ്ടതാണ്

| | |
|---|---|
| പ്രവൃത്തിയുടെ പേര്, | ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ |

| | |
|---|---|
| പ്രോജക്ട് നമ്പർ | രണ്ടാം ഘട്ടം, 163/20 |
| അടങ്കൽ തുക | 490000/- (തനത് ഫണ്ട്) |
| ചെലവു തുക | 450000/- |
| ചെക്ക് നമ്പർ,തീയതി,തുക | CSCB 44046, തീ. 07.01.2020, 450000/- |
| കരാറുകാരൻ | ശ്രീ.ഷിജു.എസ്. (.001% Below E.R) |
| എഗ്രിമെന്റ് നമ്പർ | 44/AE/LSGD/MDR/18-19 തീ. 01.02.19 |
| എം ബുക്ക് നമ്പർ | 125/19-20 |

അസിസ്റ്റന്റ് എഞ്ചിനീയർ 2019-20 ൽ നിർവ്വഹണം നടത്തിയ പ്രസ്തുത പ്രവൃത്തിയുടെ എം ബുക്ക് പ്രകാരം ആകെ പ്രവൃത്തി മൂല്യം 4,89,239/- ആണ്. എന്നാൽ ഫൈനൽ ബിൽ തയ്യാറാക്കി കരാറുകാരന് 4,50,000/- രൂപ മാത്രം നൽകിയതായി കാണുന്നു. ബില്ലിൽ നിന്നും ഈടാക്കേണ്ട നികുതികളൊന്നും കുറവുചെയ്ത് അതാത് ഹെഡ്ഡുകളിൽ ഒടുക്കുവരുത്തിയിട്ടുമില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (20/07.12.2021) ലഭ്യമാക്കിയ മറുപടിയിൽ നികുതികൾ ഈടാക്കിയ ശേഷം കരാറുകാരന് ബാക്കി തുക നൽകുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. എത്രയും വേഗം പ്രസ്തുത ഇടപാട് ക്രമപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-42 ഓഡിറ്റ് ഇംപാക്ട്- കരാറുകാരനിൽ നിന്നും ടാക്സ് ഈടാക്കിയില്ല. ഓഡിറ്റ് നിർദ്ദേശാനുസരണം 16,375/- രൂപ ഒടുക്കുവരുത്തി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ പറയുന്ന പ്രോജക്ടുകളിൽ SGST, CGST, IT, Collection Charges എന്നിവ തകാറുകാരനിൽ നിന്നും ഈടാക്കി ഒടുക്കുവരുത്തിയിരുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)

| | |
|---|---|
| പ്രവൃത്തിയുടെ പേര്, പ്രോജക്ട് നമ്പർ | പി.എച്ച്.സി. വാഹനത്തിന് ഷെഡ് നിർമ്മാണവും ഫിറ്റ്നസ് സെന്ററിന് ഗ്ലാസ്സ് ഇടലും |
| അടങ്കൽ തുക | 252986/- (2019-20) |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് -നോൺറോഡ് |
| ചെലവു തുക | 252597/-(2019-20) |
| ബിൽ നമ്പർ,തീയതി,തുക | 6/26.09.2019, 252597/- |
| കരാറുകാരൻ | ശ്രീ. ഷിജു.എസ്. |
| P.A.C. | 442208/- |
| പ്രവൃത്തി മൂല്യം | 441845/- |
| എം ബുക്ക് നമ്പർ | 106/18-19 |
| എഗ്രിമെന്റ് നമ്പർ | 23/AE/LSGD/CHTY/2017-18 |

പ്രസ്തുത പ്രവൃത്തിയുടെ II & ഫൈനൽ ബിൽ നൽകിയപ്പോൾ ആകെ പ്രവൃത്തി മൂല്യമായ 441845/- രൂപയിൽ നിന്നും ടാക്സ് ഇനത്തിലുള്ള കുറവുകൾ പൂർണ്ണമായും ഈടാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ആകെ ഈടാക്കേണ്ടത് | ആദ്യ ബില്ലിൽ ഈടാക്കിയത് | ഫൈനൽ ബില്ലിൽ ഈടാക്കേണ്ടത് |
|---|---|---|---|
| SGST | 4418 | 1892 | 2526 |

| | | | |
|---|---|---|---|
| CGST | 4418 | 1892 | 2526 |
| IT | 4418 | 1892 | 2526 |
| KCWWF | 4374 | 1873 | 2501 |
| Collection Charges | 44 | 19 | 25 |
| ആകെ | | | 10104 |

എന്നാൽ ബിൽ തുകയായ 252597/- രൂപയിൽ നിന്നും KCWWF തുകയായ 2501/- രൂപ മാത്രം കുറവ് ചെയ്ത് 250096/- രൂപ കരാറുകാരന് നൽകിയതായി കാണുന്നു. SGST, CGST, IT, Collection Charges എന്നിവ ഒടുക്കുവരുത്തിയില്ല. ഈ ഇനത്തിൽ കരാറുകാരന് 7603 രൂപ അധികമായി നൽകി.

2)

| | |
|---|---|
| പ്രവൃത്തിയുടെ പേര്, പ്രോജക്ട് നമ്പർ | പഞ്ചായത്ത് ഓഫീസ് റെക്കോർഡ് റൂം സജ്ജീകരിക്കൽ |
| അടങ്കൽ തുക | 300000/- (തനത്) |
| ചെലവ് തുക | 293383/- |
| ചെക്ക് നമ്പർ,തീയതി,തുക | 5866422/26.09.2019 |
| കരാറുകാരൻ | ശ്രീ. ഷിജു.എസ്. |
| പ്രവൃത്തി മൂല്യം | 292412/- |
| എം ബുക്ക് നമ്പർ | 18/19-20 |
| എഗ്രിമെന്റ് നമ്പർ | 42/AE/CHTY/2018-19 Dt.01.02.2019 |

പ്രസ്തുത പ്രവൃത്തിയുടെ ബിൽ നൽകിയപ്പോൾ ആകെ പ്രവൃത്തി മൂല്യമായ 292412/- രൂപയിൽ നിന്നും ടാക്സ് ഇനത്തിലുള്ള കുറവുകൾ പൂർണ്ണമായും ഈടാക്കിയിട്ടില്ല.

| ഇനം | ആകെ ഈടാക്കേണ്ടത് | ഈടാക്കിയത് | ബാക്കി തുക |
|---|---|---|---|
| SGST | 2924 | | 2924 |
| CGST | 2924 | | 2924 |
| IT | 2924 | | 2924 |
| KCWWF | 2895 | 2895 | |
| Collection Charges | 29 | | 29 |
| ആകെ | | | 8801 |

SGST, CGST, IT, Collection Chargesഎന്നിവ കരാറുകാരനിൽ നിന്നും ഈടാക്കിയില്ല.

ഇത് സംബന്ധിച്ച് 7.12.21ൽ 17, 23എന്നീ നമ്പർ ഓഡിറ്റ് എൻക്വയറികൾ നൽകിയതിനെ തുടർന്ന് 16375/-രൂപാ(7603+8801) 13.12.2021ൽ രസീത് നമ്പർ 1210102761/G010101 പ്രകാരം തനത് ഫണ്ടിൽ ഒടുക്കുവരുത്തി. പ്രസ്തുത തുക അതാത് ഹെഡ്ഡുകളിൽ ഒടുക്കുവരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-43 ഗ്രാമ പഞ്ചായത്തിന്റെ ആസ്തി സംരക്ഷണത്തിനായി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്തിലെ ജനറൽ കമ്മിറ്റി 2019-20 ൽ ചുവടെ പറയുന്ന വിവിധ തീരുമാനങ്ങൾ എടുത്തിരുന്നു.

1)

ചെമ്മരുതി ഗ്രാമപഞ്ചായത്തിൽ എണ്ണാറുവിള ജംഗ്ഷന് സമീപം സർവ്വേ നമ്പർ 1970 ൽ പെട്ട 62 സെൻറ്, കാവ്പുറംപോക്ക് ഭൂമി ശ്രീ മണിലാൽ , എന്നയാൾ കൈയേറിയതായി പരാതി ലഭിച്ചിരുന്നു. ടി പരാതിയിൽ 17/06/2019 ൽ ഈ ഓഫീസിൽ നിന്നും സ്ഥല പരിശോധന നടത്തിയതിൽ അതിരുകൾ വ്യക്തമായി മനസിലാക്കുവാൻ കഴിഞ്ഞിരുന്നില്ല. പരാതി പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനായി വില്ലേജ് ഓഫീസർക്ക് കത്ത് നൽകിയിരുന്നെങ്കിലും നാളിതുവരെയായി റിപ്പോർട്ട് ലഭിച്ചിട്ടില്ല എന്നും ആതിനാൽ ടി പരാതി പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി വർക്കല തഹസീൽദാർക്ക് പരാതി കൈമാറുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനും സെക്രട്ടറിയെ 04.07.2019 ലെ 18(1) ജനറൽ കമ്മിറ്റി തീരുമാനപ്രകാരം ചുമതലപ്പെടുത്തിയിരുന്നു. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.9/04.12.21) ലഭ്യമാക്കിയ മറുപടിയിൽ ഇക്കാര്യത്തിൽ തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല എന്ന് അറിയിച്ചു.

2)

ചെമ്മരുതി വില്ലേജിൽ കോവൂർ ദേശത്ത്സി.എസ്സ് .ഭവനിൽ ചെല്ലപ്പൻ മകൻ സനിൽ , തിരുവനന്തപുരം ജില്ലാ കളക്ടർക്ക് നല്കിയയ പരാതിയിൻമേൽ ചെമ്മരുതി വില്ലേജ്-ബ്ളോക്ക് നംബര്-21 ൽ റീസെർവേ നമ്പർ 84/1,85/1 ൽ ഉൾപ്പെട്ട വസ്തുവിന്റെ ഇനം മാറ്റം നടപടി റദ്ദ് ചെയ്ത് ബഹു.തിരുവനന്തപുരം ജില്ലാ കളക്ടറുടെ 13/05/2019 ലെ ബി.15-66452/2016 നമ്പർ നടപടിക്രമം മുഖേന ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ, മേൽ വിഷയത്തിൽ ചെമ്മരുതി വില്ലേജിൽ റീസർവെ നമ്പർ 84/1,85/1 ൽ ഉൾപ്പെട്ട പുറമ്പോക്ക് തോട് 13.08.2019 തീയതി അളന്ന് തിട്ടപ്പെടുത്തുന്നതിന് തീയതി നിശ്ചയിച്ചിട്ടുള്ളതായി തഹസിൽദാർ (ഭൂരേഖ) അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ടി സർവെ നമ്പരുകളിൽ ഉൾപ്പെട്ട ഭൂമി പഞ്ചായത്ത് ഏറ്റെടുക്കുന്നതിനും അതിർത്തി കല്ലുകൾ സ്ഥാപിച്ച് അതിർത്തി നിർണ്ണയം നടത്തുന്നതിനും ആയതിനാവശ്യമായ തുക തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും തീരുമാനിച്ചിരുന്നു (09.08.2019 ലെ 19(1) തീരുമാനം). ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് അതിർത്തി നിർണ്ണയം നടത്തിയിട്ടുണ്ട് എന്നും ടി വിഷയത്തിൽ വർക്കല മുനിസിഫ് കോടതി മുമ്പാകെ OS No.428/2015 നമ്പർ ആയി കേസ് നിലനിൽക്കുന്നതിനാൽ ടി കേസ് തീർപ്പാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചു.

3)

ചെമ്മരുതി ഗ്രാമപഞ്ചായത്തിൽ 6-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന മാവിൻമൂട് അംഗൻവാടി സ്ഥിതി ചെയ്യുന്ന ഭൂമി, അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതായി 23.06.1978 ലെ 2510-ാം നമ്പർ ആധാരപ്രകാരം ചെമ്മരുതി ദേശത്ത് കുന്നൻമാവ് എന്ന സ്ഥലത്ത് മൂലയിൽ പുത്തൻവീട്ടിൽ കനകവല്ലി വിട്ട് നൽകിയിട്ടുള്ളതാണ്. ചെമ്മരുതി വില്ലേജിൽ റീസർവ്വെ നമ്പർ 592/34-1 ൽ ഉൾപ്പെട്ട വസ്തുവിന് തെക്ക് പടിഞ്ഞാറ് ഭാഗത്തായുള്ള ടി ഭൂമിയിൽ ചെമ്മരുതി ഗ്രാമപഞ്ചായത്ത് അംഗൻവാടി നിർമ്മിക്കുകയും നാളിതുവരെ ടി കെട്ടിടം ചെമ്മരുതി ഗ്രാമപഞ്ചായത്ത് വരികയുമാണ്. എന്നാൽ ടി മാവിൻമൂട് അംഗൻവാടി സ്ഥിതി ചെയ്യുന്നതും അംഗൻവാടിയിലേക്കുള്ള വഴിയും ഉൾപ്പെടെയുള്ള ഭൂമി റവന്യൂ രേഖകൾ പ്രകാരം മുൻ ഉടമയുടെ പേരിലായതിനാൽ ടി ഭൂമിയും ആയതിലേക്കുള്ള വഴിയും ഗ്രാമപഞ്ചായത്തിൻറെ പേരിലേക്ക് വില്ലേജ് രേഖകളിൽ മാറ്റം വരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് വർക്കല താലൂക്ക് തഹസീൽദാർ (L.R) നോട് അഭ്യർത്ഥിച്ചും തീരുമാനിച്ചു (09.12.19 ലെ 21(1)). ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.9/04.12.21) ലഭ്യമാക്കിയ മറുപടിയിൽ വസ്തു ഗ്രാമപഞ്ചായത്തിന്റെ പേരിലേയ്ക്ക് മാറ്റം വരുത്തുന്നതിന് വർക്കല താലൂക്ക് തഹസീൽദാർ (എൽ.ആർ) നോട് അഭ്യർത്ഥിച്ച് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചു.

4)

ഭൂരഹിതരുടെ പുനരധിവാസത്തിനായി ചെമ്മരുതി ഗ്രാമ പഞ്ചായത്ത് പരിധിയിൽ ജില്ലാ പഞ്ചായത്ത് 1999-2000 വർഷത്തിൽ വാങ്ങിയ 45.74 ആർസ് ഭൂമിയും അതിനോട് ചേർന്ന് കിടക്കുന്ന പുറമ്പോക്ക് ഭൂമിയും ഉള്പ്പെടെ 61.60 ആർസ് ഭൂമിയിൽ കുറച്ച് ഭാഗം വ്യക്തിഗത ഗുണഭോക്താക്കള്ക്ക് വിതരണം ചെയ്തിരുന്നു. ബാക്കിയുള്ള നിലവിൽ പുറമ്പോക്കായി കിടക്കുന്ന ഭൂമി ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന സമുച്ചയം നിർമ്മിക്കുന്നതിന് ഉപയുക്തമാണ്.എന്നാൽ റെവന്യൂ രേഖകൾ പ്രകാരം ടി ഭൂമി ഇപ്പോഴും പഴയ ഉടമസ്ഥന്റെ പേരിലാണ്. ആയതിനാൽ ടി ഭൂമി ജില്ലാ പഞ്ചായത്തിന്റെ പേരിൽ പോക്കു വരവ് ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയോ ഗ്രാമപഞ്ചായത്തിന് കൈമാറുകയോ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് തിരുവനന്തപുരം ജില്ലാ പഞ്ചായത്തിനോട് അഭ്യർത്ഥിച്ച് തീരുമാനിച്ചു(03.01.2020 ലെ 1(8)). ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.9/04.12.21) ലഭ്യമാക്കിയ മറുപടിയിൽ ടി തീരുമാനം ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട് എന്ന് അറിയിച്ചു.

മേൽ കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിന് അടിയന്തിര തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-44 തൊഴിലുറപ്പ് തൊഴിലാളികൾക്ക് ലഭിച്ച സ്വർണ്ണ മോതിരം - തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്

2017 വർഷത്തെ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ഗ്രാമ പഞ്ചായത്തിലെ 2ാം വാർഡിലെ കോവൂർ നമ്പ്യാർ കുളം വൃത്തിയാക്കിയപ്പോൾ തൊഴിലുറപ്പ് തൊഴിലാളികൾക്ക് ലഭിച്ച സ്വർണ്ണ മോതിരം ഗ്രാമ പഞ്ചായത്തിൽ നൽകിയിരുന്നു.

ചെമ്മരുതി ഗ്രാമപഞ്ചായത്ത് തൊഴിലുറപ്പ് തൊഴിലാളികൾക്കു ലഭിച്ച സ്വർണ്ണമോതിരം സംബന്ധിച്ച വിവരം ജില്ല കളക്ററെ

അറിയിക്കുന്നതിനും, ടി മോതിരം വർക്കല സബ് ട്രഷറിയിൽ സൂക്ഷിക്കുന്നതിനും 05.11.2019 ലെ 13(1):ാം നമ്പർ തീരുമാന പ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു.

ഇതു സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ ,കേരള ഗ്രാമീൺ ബങ്ക് നടയറ ബാങ്കിന്റെ 25.07.19 ലെ വാല്യുവേഷൻ പ്രകാരം സ്വർണ്ണ മോതിരത്തിന് 24000/- രൂപ വിലമതിക്കുന്നതും 8.600 Mg തൂക്കമുള്ളത് എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 17.01.2020 ൽ വർക്കല സബ് ട്രഷറിയിൽ സ്വർണ്ണ മോതിരം സ്വീകരിച്ചതു സംബന്ധിച്ച രസീതിലും (DT.53A No.90/19-20) തൂക്കം 8.600 Mg എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ 8ഗ്രാം 600 മി.ഗ്രാം എന്നതിനു പകരം 8.600 Mg എന്ന് രേഖപ്പെടുത്തിയതാവാനാണ് സാധ്യത.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (4514.12.2021) ലഭ്യമാക്കിയ മറുപടിയിൽ സ്വർണ്ണ മോതിരത്തിന്റെ തൂക്കം സംബന്ധിച്ച് വ്യക്തത വരുത്തുന്നതാണെന്നും മറ്റു തുടർനടപടി വിവരങ്ങൾ അറിയിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചു. സ്വർണ്ണമോതിരത്തിന്റെ യഥാർത്ഥ തൂക്കം രസീതിൽ രേഖപ്പെടുത്താനുള്ള നടപടി സ്വീകരിക്കേണ്ടതും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതുമാണ്. ഇതു സംബന്ധിച്ച മറ്റു തുടർ നടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 0 | 50000 | ജൈവ സമൃദ്ധി | 50000 | 0 |
| | | 0 | 564570 | കേദാരം സമഗ്ര നെൽകൃഷി | 564570 | 0 |
| | | 0 | 200000 | സാന്ത്വന ചികിത്സ | 198529 | 1471 |
| | | 75937 | 100000 | അങ്കണവാടി പോഷകാഹാരം | 175937 | 0 |
| | | 0 | 274875 | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 263625 | 11250 |
| | | 0 | 100000 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 93300 | 6700 |
| | | 81450 | 0 | വയോജനങ്ങൾക്ക് പകൽവീട് | 81450 | 0 |
| | | 0 | 500000 | ക്ഷീരസമൃദ്ധി | 500000 | 0 |
| | | 0 | 100000 | ബഡ്സ് സ്കൂൾ ഉപകരണങ്ങൾ വാങ്ങൽ | 89598 | 10402 |
| | | 0 | 1518493 | ലൈഫ് എസ്.സി.പി | 1235650 | 282843 |
| | | 0 | 517157 | ലൈഫ് ജനറൽ | 0 | 517157 |
| | | 0 | 72000 | കിണർ റീചാർജ്ജിംഗ് | 0 | 72000 |
| | | 1467631 | 0 | മുൻ വർഷത്തെ മറ്റ് പ്രോജക്ടുകൾ | 0 | 1467631 |
| ആകെ | | 1625018 | 3997095 | | 3252659 | 2369454 |

| | | | | | | |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 0 | 167685 | ഹരിത ഭവനം | 167685 | 0 |
| | | 0 | 29070 | കേദാരം | 29070 | 0 |
| | | 64800 | 0 | കിണർ റീചാർജ്ജിംഗ് | 64800 | 0 |
| | | 0 | 213750 | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 213750 | 0 |
| | | 152534 | 0 | ലൈഫ് എസ്.സി.പി | 152534 | 0 |
| | | 35200 | 0 | മുൻ വർഷത്തെ മറ്റ് പ്രോജക്ടുകൾ | 0 | 35200 |
| ആകെ | | 252534 | 410505 | | 627839 | 35200 |

| | 2018-19 B-4,ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2019-20 RP-7, RP-31 പ്രകാരം വരവ് | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 2019-20 B-4 ഷെഡ്യൂൾ പ്രകാരം നീക്കയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1625018 | 3997095 | 5622113 | 3252659 | 2369454 | 2369454 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 252534 | 410505 | 663039 | 627839 | 35200 | 35200 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | മുൻ ബാക്കി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് | നീക്കിയിരിപ്പ് തുക |
|---|---|---|---|---|---|---|---|
| | | 2019-20 | | | | | |
| കേരള വാട്ടർ അതോറിറ്റി | 2241625 | 81/20കടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2154000 | 0 | 2154000 | 0 | 5075625 |
| | | 135/20 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 680000 | 0 | 680000 | 0 | |
| കെ.എസ്.ഇ.ബി | 2052064 | 101/20സ്ട്രീറ്റ് മെയിൻ | 874653 | 0 | 874653 | 802046* | 2124671 |

*വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

| | 2018-19 B-18, ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2019-20 വർഷത്തെ നിക്ഷേപം RP-47 | ആകെ | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് | നീക്കിയിരിപ്പ് | 2019-20 B-18 ഷെഡ്യൂൾ പ്രകാരം നീക്കയിരിപ്പ് |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 2241625 | 2834000 | 5075625 | 0 | 5075625 | 5075625 |
| കെ.എസ്.ഇ.ബി | 2052064 | 874653 | 2926717 | 802046 | 2124671 | 2124671 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ്/ നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം അടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC | സ.ഉ.(കൈ)68/2018 /തസ്വഭവ തീ.18.05.2018 | 3977970 | 1600000 | 647058 | 4930912 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഓഡിറ്റ് ഖണ്ഡിക | സമാഹത ഓഡിറ്റ് വർഷം | സമാഹത ഓഡിറ്റ് ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2017-18 | 4(a) | 2017-18 | ലഭ്യമല്ല | ആസ്തി രജിസ്റ്റർ പൂർണ്ണവും കാലികവുമല്ല | നിലനിൽക്കുന്നു |
| 2017-18 | 4(b) | 2017-18 | ലഭ്യമല്ല | രണ്ട് തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്ററിൽ ഒരേ റോഡ് ഉൾപ്പെടുത്തിയിരിക്കുന്നു | നിലനിൽക്കുന്നു |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 2,52,30,238 |
| ഓഡിറ്റ് വർഷത്തെ വരവ് | 8,47,52,102 |
| ആകെ | 10,99,82,340 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 8,06,68,381 |

| | |
|---|---|
| നീക്കിയിരിപ്പ് | 2,93,13,959 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 59,70,485 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം – ഇല്ല

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 1,50,000 | ശ്രീ. പ്രവീൺ.എം.,വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-22 | 1,00,800 | ശ്രീ. രാജേഷ് ചന്ദ്രൻ.ആർ., വെറ്ററിനറി സർജൻ |
| 1-23 | 60,000 | ശ്രീ. രാജേഷ് ചന്ദ്രൻ.ആർ., വെറ്ററിനറി സർജൻ |
| 1-24 | 20,000 | ശ്രീ. രാജേഷ് ചന്ദ്രൻ.ആർ., വെറ്ററിനറി സർജൻ |
| 1-25 | 10,23,350 | ശ്രീ. സുപിൻ, സെക്രട്ടറി |
| 1-26-1<br>1-26-2 | 21,54,000<br>6,80,000 | ശ്രീ. സുപിൻ, സെക്രട്ടറി |
| 1-27 | 6,38,712 | ശ്രീ. സുപിൻ, സെക്രട്ടറി |
| 1-28 | 95,085 | ശ്രീ. സുപിൻ, സെക്രട്ടറി |
| 1-30 | 1,14,942 | ശ്രീ. സുപിൻ, സെക്രട്ടറി |
| 1-31 | 23,250 | ശ്രീ. സുപിൻ, സെക്രട്ടറി |
| 1-33 | 40,469 | ശ്രീ. ഡോ.അൻവർ അബ്ബാസ് അറഫ, മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യകേന്ദ്രം |
| 1-34 | 95,257 | ശ്രീ. ഡോ.അൻവർ അബ്ബാസ് അറഫ, മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യകേന്ദ്രം |
| 1-35 | 3,24,620 | ശ്രീ നിതിൻ.പി.കെ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-37 | 4,50,000 | ശ്രീ. കിരൺ ചന്ദ്.എസ്.ഡി, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 59,70,485 | |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം.

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം) | സ്ഥിരംമേൽവിലാസം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ശ്രീ. സുപിൻ, സെക്രട്ടറി | - | സോപാനം, അയന്തി, പന്തുവിള, വർക്കല. |
| 2 | ശ്രീ. പ്രവീൺ.എം., വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | - | പ്രവീൺ നിവാസ്, കാവുവിള, പോത്തൻകോട്.പി.ഒ. |
| 3 | ശ്രീ. രാജേഷ് ചന്ദ്രൻ.ആർ., വെറ്ററിനറി സർജൻ | - | ശ്രീലകം, ഹൗസ് നം.28, വീരഭദ്ര ഗാർഡൻസ്, പൊട്ടക്കുഴി,പട്ടം.പി.ഒ. |
| 4 | ശ്രീ. ഡോ.അൻവർ അബ്ബാസ് മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യകേന്ദ്രം | - | അറഫ, തോന്നയ്ക്കൽ.പി.ഒ.,മംഗലപുരം, തിരുവനന്തപുരം |
| 5 | ശ്രീ നിതിൻ.പി.കെ, അസിസ്റ്റന്റ് സെക്രട്ടറി | - | പാർവണം, KGRA A 26, കൊടുങ്ങാനൂർ പി.ഒ., വട്ടിയൂർകാവ്. |
| 6 | ശ്രീ.കിരൺചന്ദ്. എസ്.ഡി, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, ചെമ്മരുതി ഗ്രാമ പഞ്ചായത്ത്. | രാജകി മന്ദിരം, കടകം പി.ഒ., ശാർക്കര, ചിറയിൻകീഴ്. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/1242/2018 തീ.04.06.2018 | 8 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/1242/2018 തീ.04.06.2018 | 2 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/1242/2018 തീ.04.06.2018 | 4 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/1242/2018 തീ.04.06.2018 | 1 |
| 2010-11& 2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/1242/2018 തീ.04.06.2018 | 1 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/1242/2018 തീ.04.06.2018 | 5 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/1242/2018 തീ.04.06.2018 | 4 |

| | | |
|---|---|---|
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/1242/2018 തീ.04.06.2018 | 4 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/2074/2016 തീ.25.10.2017 | 7 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/1840/2017 തീ.05.06.2018 | 11 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/305/2019 തീ.03.02.2020 | 12 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/2181/2019 തീ.10.01.2020 | 50 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്